# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 20 വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -285)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | : 4434 മുതൽ 4604 വരെ |
| ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : 4605 മുതൽ 4638 വരെ |
| എക്സൈസും തുറമുഖവും വകുപ്പുമന്ത്രി | : 4639 മുതൽ 4669 വരെ |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : 4670 മുതൽ 4718 വരെ |

### മാവേലി സപ്ലൈകോ ബില്ലുകൾ മലയാളത്തിലാക്കാൻ നടപടി

4434 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലി, സപ്ലൈകോ സ്റ്റോറുകളിൽ നിന്നും ലഭിക്കുന്ന ബില്ലുകൾ ഇംഗ്ലീഷ് ഭാഷയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഭരണഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത ബില്ലുകളും മലയാളത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>സ്ഥലം മാറ്റത്തിന് മാനദണ്ഡം</u>

4435 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ വകുപ്പുകളിലും സ്ഥലം മാറ്റത്തിനും അന്തർജില്ലാ സ്ഥലമാറ്റത്തിനും മാനദണ്ഡം നിശ്ചയിക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ബി) സ്ഥലം മാറ്റത്തിന് കർശനമായ നോംസ് നടപ്പിലാക്കുന്ന വകുപ്പുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

വിഷൻ ഇന്ത്യാ പ്രോജക്ട്

4436 ശ്രീ. സി. ദിവാകരൻ
,, മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ
,, ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഷൻ ഇന്ത്യാ പ്രോജക്ട് എന്ന പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെല്ലാം സഹായങ്ങൾ ലഭിക്കുന്നുണ്ട്; ഇതിനകം എത്ര തുക ചെലവഴിച്ചു;

(ഡി) പ്രസ്തുത പദ്ധതിക്കായി എത്ര സെന്ററുകൾ തെരഞ്ഞെടുത്തിട്ടുണ്ട്; ഓരോ സെന്ററിനുവേണ്ടിയും എത്ര തുക ചെലവഴിച്ചു;

(ഇ) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമവും ജീവനക്കാരും</u>

4437 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സിവിൽ സർവ്വീസ് പരിഷ്ക്കരണം നടപ്പിലാക്കുമോ ;

(ബി) സിവിൽ സർവ്വീസ് പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ കൈവശമുള്ള ഭരണപരിഷ്ക്കാര കമ്മീഷനുകളുടെ ശുപാർശകൾ പരിഗണിക്കുമോ ;

(സി) ആവശ്യത്തിന് ജീവനക്കാരില്ലാത്ത ആഫീസുകളിൽ ജീവനക്കാരെ നിയമിക്കാതെ സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>വകുപ്പു തലവന്റെ ആഫീസ് രൂപീകരണ നടപടി</u>

4438 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര സർക്കാർ വകുപ്പുകളാണ് ഉള്ളത്; ഏതെല്ലാം;

(ബി) പുതിയ വകുപ്പ് രൂപീകരിച്ചതിനുശേഷം ഇനിയും വകുപ്പുതലവന്റെ ആഫീസ് രൂപീകരിക്കാത്ത ഏതെങ്കിലും വകുപ്പുണ്ടോ; എങ്കിൽ ഏതൊക്കെ;

(സി) ഏതൊക്കെ വകുപ്പുകളിലാണ് ഐ.എ.എസ് കാരല്ലാത്തവർ വകുപ്പ് തലവൻമാരായുള്ളത്

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം</u>

4439 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സേവനാവകാശ നിയമം, മഹാരാഷ്ട്ര ഗവൺമെന്റ് നടപ്പിലാക്കിയ മാതൃകയിലാണോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ഉള്ളത്;

(സി) സേവനാവകാശ നിയമത്തെക്കുറിച്ച് പഠിക്കാൻ ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ മറാഠി സമുദായം</u>

4440 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സാമ്പത്തികവും വിദ്യാഭ്യാസപരവും സാമൂഹ്യവുമായി വളരെ പിന്നോക്കം നില്ക്കുന്ന മറാഠി സമുദായത്തെ പട്ടികവർഗ്ഗത്തിൽ വീണ്ടും ഉൾപ്പെടുത്തണമെന്ന 'കിർത്താഡ്സ്' റിപ്പോർട്ട് മുൻ സർക്കാർ കേന്ദ്രസർക്കാരിന്റെ പരഗണനയ്ക്ക് സമർപ്പിച്ചിരുന്നുവോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ കേന്ദ്ര സർക്കാരിൽ നിന്നും ഇതു സംബന്ധിച്ച എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് പ്രസ്തുത വിഭാഗത്തെ പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

കേരള ട്രഡീഷണൽ നോളജ് അതോറിറ്റി

4441 ശ്രീ. മുല്ലക്കര രത്നാകരൻ
,, ഇ. ചന്ദ്രശേഖരൻ
,, ചിറ്റയം ഗോപകുമാർ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ട്രഡീഷണൽ നോളജ് അതോറിറ്റി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പൂർണ്ണമായും കേന്ദ്ര നിയമത്തിനുകീഴിൽ വരുന്ന പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>അധിക വിമാനയാത്രക്കൂലി കുറയ്ക്കാൻ നടപടി</u>

4442 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗൾഫിലേക്കുള്ള വിമാനയാത്രക്കൂലി അമിതമായി വർദ്ധിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അമിത വിമാനയാത്രക്കൂലി കുറയ്ക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന്റെ ഭാഗമായി എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>സമ്പന്നന്മാരായവരുടെ വിവരങ്ങൾ</u>

4443 ശ്രീ. വി. എസ്. സുനിൽ കുമാർ
,, കെ. അജിത്
,, പി. തിലോത്തമൻ
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രത്യേക വരുമാന മാർഗ്ഗങ്ങളില്ലാതെ ചുരുങ്ങിയ നാളുകൾക്കുള്ളിൽ സമ്പന്നന്മാരായവരുടെ വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇവരുടെ ഏതെല്ലാം തരത്തിലുള്ള വിവരങ്ങളാണ് ശേഖരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>മദ്യപിച്ച് ഓഫീസിൽ ഹാജരാകുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി</u>

T 4444 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യപിച്ച് ഡ്യൂട്ടിയ്ക്ക് ഹാജരാകുന്ന സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ, എക്സൈസ് നിയമങ്ങൾ പ്രകാരം നിലവിൽ എത്ര വകുപ്പുകൾ ഉപയോഗിച്ച് കേസ് രജിസ്റ്റർ ചെയ്യാനാകുമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം എത്ര കേസുകൾ കഴിഞ്ഞ അഞ്ചു വർഷക്കാലം എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) മദ്യപിച്ച് ഓഫീസിലും ഡ്യൂട്ടിയ്ക്കും ഹാജരാകുന്ന സർക്കാർ ജീവനക്കാർക്ക് എതിരെ നടപടികൾ സ്വീകരിക്കുവാൻ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തിക</u>

4445 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവ. സെക്രട്ടേറിയറ്റിൽ ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ എത്ര തസ്തികയാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ എത്രപേരാണ് ദീർഘനാളായി അവധിയിൽ പോയിട്ടുള്ളതെന്നും ഇവർക്ക് പകരം, നിയമനം നൽകി ഒഴിവ് നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(ഡി) ദീർഘനാളായി ഡ്യൂട്ടിക്ക് വരാത്തവരെ പിരിച്ചുവിട്ട് പി.എസ്.സി. വഴി പുതിയ ജീവനക്കാരെ നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ റോഡ് നിർമ്മാണ പൂർത്തിയാക്കുന്നതിന് നടപടി</u>

4446 ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ചെറായിബീച്ച് വികസനത്തിനായി റോഡുപണി പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെ മുതൽ എവിടെ വരെ എത്ര കി.മീറ്റർ റോഡ് നിർമ്മാണം പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ചിറമ്മൽ തോടിന് പാലം നിർമ്മിക്കുന്നതിനു നടപടി</u>

4447 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ പഞ്ചായത്തിലെ ചിറമ്മൽ ഫിഷറീസ് ഗ്രാമത്തിലേക്കുള്ള ചിറമ്മൽ തോടിന് പാലം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് സ്ഥലം എം. എൽ. എ നൽകിയ ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

## ചികിത്സാ ധനസഹായം

4448 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006-2011 കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ചികിത്സാധനസഹായത്തിന് മലപ്പുറം ജില്ലയിൽ ഏതെല്ലാം ആളുകൾക്ക് പണം ഇനിയും ലഭ്യമാക്കാത്തതായിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അവസാനമായി പാസാക്കിയ ചികിത്സാ ധനസഹായം കൊടുത്തു തീർക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടും മാനദണ്ഡങ്ങളും</u>

4449 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായത്തിനായി ശരിയായ മാനദണ്ഡങ്ങൾ പലിച്ചുകൊണ്ടുള്ള എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ലഭിച്ച അപേക്ഷകളിൽ എത്രപേർക്ക് സഹായധനം അനുവദിച്ചുവെന്നും, അനുവദിച്ച ആകെ തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>പൊന്നാനി പാലപ്പെട്ടി കോയ, ആലപ്യാമിന്റകത്ത് എന്നിവര്‍ക്ക് നല്‍കിയ നഷ്ടപരിഹാരത്തുക</u>

4450 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊന്നാനി താലൂക്കിലെ പാലപ്പെട്ടിയിലെ കോയ, ആലപ്യാമിന്റകത്ത് എന്നയാളുടെ വീടു കത്തിയതുമായി ബന്ധപ്പെട്ട അപേക്ഷ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) റവന്യു അധികാരികള്‍ 80,000/- രൂപ നഷ്ടം ഉണ്ടായതായി വിലയിരുത്തിയ സംഭവത്തില്‍ 5000/രൂപ മാത്രം അനുവദിച്ചതിനെപ്പറ്റി അറിയാമോ;

(സി) നിര്‍ദ്ധനരായ അവര്‍ക്ക് മതിയായ ആശ്വാസം അനുവദിക്കാവാന്‍നടപടി സ്വീകരിക്കുമോ;

(ഡി) എങ്കില്‍ എന്ന് അനുവദിക്കാനാവും?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

4451

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളിലും മറ്റപകടങ്ങളിലും മരണപ്പെടുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും പരമാവധി എന്തു തുകയാണ് അനുവദിക്കുന്നത്; ഇത് ലഭിക്കാൻ ഏതെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത്; വിശദമാക്കാമോ;

(ബി) കല്ലമ്പലം മുതൽ മാമം വരെ ദേശീയപാതയിലും എം.സി. റോഡിൽ പൊരുന്തമണിലും ദൈനംദിനം സംഭവിക്കുന്ന റോഡപകടങ്ങൾ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) റോഡപകടങ്ങൾ ഒഴിവാക്കാൻ പ്രത്യേക ട്രാഫിക് പോലീസ് സംവിധാനവും റോഡ് സേഫ്റ്റി അതോറിറ്റിയുടെ സേവനവും ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായ വിതരണം

4452 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം അനുവദിച്ച വിവരം അപേക്ഷകനെ അറിയിക്കുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ എത്ര അപേക്ഷകർക്ക് അനുവദിച്ച തുക വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്ന് അറിയിക്കുമോ; അനുവദിച്ച സഹായം അപേക്ഷകർക്ക് എത്തിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ ധനസഹായം</u>

4453 ശ്രീ.ബാബു.എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കാൻസർ, വൃക്കരോഗം, ഹൃദ്രോഗം തുടങ്ങിയ മാരക രോഗങ്ങൾ പിടിപെട്ടവർക്ക് ചികിത്സാധനസഹായമായി അനുവദിച്ചു നൽകുന്ന പരമാവധി തുക ഓരോരുത്തർക്കും എത്ര രൂപ വീതമാണ്;

(ബി) മരുന്നുകളുടെ വൻവിലക്കയറ്റംമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന രോഗികൾക്ക് ഇപ്പോൾ അനുവദിക്കുന്ന തുക ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ;എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

ഒറീസയിലെ ലോക്ശക്തി ട്രസ്റ്റിന് ദുരിതാശ്വാസ നിധിയിൽ നിന്നു നല്കിയ സഹായം

4454 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവൃത്തികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് പണം അനുവദിക്കാനാകുമോ; വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഏതൊക്കെ തരത്തിലുള്ള അപേക്ഷകർക്കാണ് പ്രസ്തുത നിധിയിൽനിന്ന് സഹായം നൽകുന്നത് എന്നു വ്യക്തമാക്കാമോ;

(സി) ഒറീസയിലെ ലോക്ശക്തി ട്രസ്റ്റിനു ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് നൽകിയത്;

(ഡി) പ്രസ്തുത ട്രസ്റ്റിനു പണം നൽകാനായി എന്തൊക്കെ ഇളവുകളാണ് മാനദണ്ഡങ്ങളിൽ വരുത്തിയത്?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>സർക്കാർ ഓഫീസുകളിൽ ഫയൽ തീർപ്പാക്കാൻ നടപടി</u>

4455 ശ്രീ. എം. എ. വാഹീദ്
,, സണ്ണി ജോസഫ്
,, പി. എ. മാധവൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ ഫയൽ തീർപ്പാക്കൽ ദൗത്യത്തിൽ വിവിധ വകുപ്പുകൾ കാട്ടുന്ന അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം കർശന നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(സി) ഇത് പരിഹരിക്കുന്നതിനായി ഒരു അഞ്ചിന പരിപാടി സർക്കാർ പ്രഖ്യാപിക്കുമോ;

(ഡി) അഞ്ചിന പരിപാടിയുടെ വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

ജനകീയ പ്രശ്നങ്ങളിൽ സമയബന്ധിതമായ തീർപ്പു കല്പിക്കൽ

4456 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി. ഉബൈദുള്ള
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലും സർക്കാർ വകുപ്പുകളിലും തീരുമാനമാകാതെ കിടപ്പുള്ള ജനകീയ പ്രശ്നങ്ങളിൽ സമയബന്ധിതമായ തീർപ്പുണ്ടാക്കാൻ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം നല്കുമോ;

(ബി) ഭരണതലത്തിൽ കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തുകയും, ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുകയും, ഫയൽ തീർപ്പിന് പ്രത്യേക നടപടികളും സ്വീകരിച്ചിട്ടും, ജനങ്ങൾക്ക് നീതി സമയത്തിന് ലഭിക്കുംവിധം ഫയലുകളിൽ തീരുമാനമാകാതെ വരുന്ന സാഹചര്യത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) ആത്മാർത്ഥതയോടെ ജോലി ചെയ്ത് ജനകീയ പ്രശ്നങ്ങൾക്ക് പ്രാധാന്യം നൽകി തീരുമാനങ്ങളെടുക്കാൻ സഹായിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനം നല്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണ്; അത് വിപുലമാക്കുമോ;

(ഡി) സെക്രട്ടേറിയറ്റിൽ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായിക്കഴിഞ്ഞ സാഹചര്യത്തിൽ ഫയലുകളുടെ രജിസ്റ്ററിംഗ്, അവയുടെ മൂവ്മെന്റ് എന്നിവ മേലുദ്യോഗസ്ഥർക്ക് നേരിട്ട് പരിശോധിക്കാനും കാലതാമസം എവിടെയുണ്ടായി എന്നും കണ്ടെത്താനുമുള്ള സൗകര്യം ലഭ്യമായിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതെങ്കിലും മേലുദ്യോഗസ്ഥർ പ്രസ്തുത സൗകര്യമുപയോഗിച്ച് അനാവശ്യകാലതാമസം ഉണ്ടാക്കിയ കീഴുദ്യോഗസ്ഥരുടെ നടപടി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച അനന്തര നടപടികളെ സംബന്ധിച്ച വിശദവിവരം നല്കുമോ;

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

(എഫ്) ആധുനിക സാങ്കേതിക സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി ഫയലുകളിൽ കാലതാമസമില്ലാതെ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനാവശ്യമായ കർശന നിർദ്ദേശം നല്കുകയും, അനാവശ്യ കാലതാമസത്തിനെതിരെ കർശന ശിക്ഷണ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>വിമുക്തഭടന്മാർക്കായി കാന്റീനും ചികിത്സാസൗകര്യങ്ങളും ലഭ്യമാക്കാൻ നടപടി</u>

4457 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൈനിക സേവനം അനുഷ്ഠിച്ച് പെൻഷൻ പറ്റിയ നിരവധിപേർ ഒറ്റപ്പാലത്ത് താമസിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ;

(ബി) വിരമിച്ച സൈനികർക്കായി ഒരു മിലിറ്ററി ക്യാന്റീൻ ഒറ്റപ്പാലത്ത് തുടങ്ങണമെന്നുള്ള ആവശ്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ;

(സി) വിമുക്ത ഭടന്മാരുടേയും, കുടുംബാംഗങ്ങളുടെയും ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി ഒരു ഇ. സി. എച്ച്. എസ്. സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇ. സി. എച്ച്. എസ്. സെന്റർ ആരംഭിക്കണമെന്ന വിമുക്ത ഭടന്മാരുടെ ആവശ്യം ശ്രദ്ധയിലുണ്ടോ; എന്ത് നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ റോഡുപണികളുടെ ടെണ്ടർ നടപടികൾ</u>

4458 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിൽ വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം റോഡുപണികളുടെ ടെണ്ടർ നടപടികളാണ് പൂർത്തിയായിരിക്കുന്നത്;

(ബി) ടെണ്ടർ നടപടി പൂർത്തീകരിച്ച് പണി തുടങ്ങിയതും, ടെണ്ടർ നടപടിയിലിരിക്കുന്നതുമായ റോഡുകൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>വിവരാവകാശ നിയമം</u>

4459 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2005-ലെ വിവരാവകാശ നിയമത്തിന്റെ നടപ്പാക്കൽ അവലോകനം ചെയ്യാറുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നല്കാമോ ;

(ബി) പ്രസ്തുത നിയമത്തിന്റെ പ്രയോജനം സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിൽ അനാവശ്യകാലതാമസം ഉണ്ടാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) നിയമപ്രകാരം നൽകുന്ന ഒന്നാം അപ്പീലും രണ്ടാം അപ്പീലും തീർപ്പാക്കാൻ കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ അതെത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ചട്ടലംഘനം നടത്തുന്നവർക്കെതിരെ നിയമത്തിൽ അനുശാസിച്ചിട്ടുള്ള ശിക്ഷണ നടപടി നടപ്പാക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ അതിന് സമയപരിധി നിശ്ചയിച്ച് നിയമ നടത്തിപ്പ് വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) കമ്മീഷന്റെ തീർപ്പിലെ നിർദ്ദേശം ധിക്കരിക്കുന്ന ഉദ്യോഗസ്ഥർക്കും സ്ഥാപനങ്ങൾക്കുമെതിരെ സ്വീകരിച്ചു വരുന്ന നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ ; ഇക്കാര്യത്തിൽ കമ്മീഷൻ നിലവിൽവന്നശേഷം നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(എഫ്) നീതി നടത്തിപ്പ് സമയ ബന്ധിതമാക്കാൻ ആവശ്യമെങ്കിൽ നടപടിക്രമങ്ങളിൽ കാലാനുസൃതമാറ്റം വരുത്തുന്നകാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>വ്യാജ ജാതി, ഡിഗ്രി സർട്ടിഫിക്കറ്റ്</u>

4460 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജ ജാതി, യോഗ്യത സർട്ടിഫിക്കറ്റുകളുമായി സർവ്വീസിൽ കയറിയ ഉദ്യോഗസ്ഥർക്കെതിരെ നിലവിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) വ്യാജ ഡിഗ്രി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ജോലിയിൽ പ്രവേശിച്ച എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) സർവ്വീസിൽഉള്ള മുഴുവൻ ജീവനക്കാരെയും യോഗ്യത സർട്ടിഫിക്കറ്റുകൾ അതത് യൂണിവേഴ്സിറ്റി/ ബോർഡിൽ അയച്ച് വെരിഫൈ ചെയ്യുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>സി.ഡബ്ല്യു. പി. ആർ. എസ്സ്ന്റെ മാതൃകാപഠന റിപ്പോർട്ട്</u>

4461 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ താനൂരിൽ ഫിഷിങ്ങ് ഹാർബർ നിർമ്മാണത്തിനുള്ള ഭരണാനുമതി എന്നാണ് ലഭിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിലാണോ ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചത്; എങ്കിൽ സൈറ്റ് സർവെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൂനയിലെ സി.ഡബ്ള്യു. പി. ആർ. എസ് ഹാർബറിന്റെ മാതൃകാ പഠനം നടത്തുക ഉണ്ടായോ;

(സി) എങ്കിൽ സി.ഡബ്ള്യു പി. ആർ എസ്സ്ന്റെ മാതൃകാപഠന റിപ്പോർട്ട് ഇതിനകം ലഭ്യമായിട്ടുണ്ടോ;

(ഡി) പദ്ധതിയുടെ പരിസ്ഥിതി പഠനം നടത്തിയ ശേഷമുള്ള എൻവറോൺമെന്റ് ഇംപാക്റ്റ് അസെസ്മെന്റ് റിപ്പോർട്ട് ഇതിനകം ലഭ്യമായിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പൊലൂഷൻ കൺട്രോൾ ബോർഡിന്റെ കൺസൽട്ട് റ്റു എസ്റ്റാബ്ളിഷ്മെന്റ് റിപ്പോർട്ട് ഇതിനകം ലഭിച്ചിട്ടുണ്ടോ;

(എഫ്) പദ്ധതിയുടെ Techno- Economic – Feasibility Report തയ്യാറാക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ജി പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പായി ഇനി എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ട്;

(എച്ച്) എങ്കിൽ ഇവ പൂർത്തയാക്കി എന്നത്തേയ്ക്ക് പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കാനാകും എന്നാണ് സർക്കാർ കരുതുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

സംസ്ഥാന സർക്കാർ ജീവനക്കാരുടെ സർവ്വീസ്
സംബന്ധമായ കേസുകളിൽ നടപടി

4462 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ കേസുകളുടെ നടത്തിപ്പിനു യാത്രാപ്പടി ഇനത്തിൽ പ്രതിവർഷം ഖജനാവിൽ നിന്നും ശരാശരി എത്ര രൂപയാണ് ചെലവാകുന്നത് ;

(ബി) ഇത്തരം കേസുകളുമായി ബന്ധപ്പെട്ട് എത്ര ഫയലുകളാണ് സെക്രട്ടേറിയറ്റിൽ തീർപ്പാക്കാൻ അവശേഷിക്കുന്നത് ;

(സി) സർവ്വീസ് സംബന്ധമായ കേസുകളുടെ നടത്തിപ്പ് ചെലവ് കുറയ്ക്കാനും ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും കഴിഞ്ഞ സർക്കാറിന്റെ കാലത്ത് രൂപീകൃതമായ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റിവ് ട്രിബൂണലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>സർക്കാർ ജീവനത്തിൽ പ്രവേശിച്ചവരുടെ കണക്ക്</u>

4463 ശ്രീ.എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ സർക്കാർ ജീവനത്തിൽ പ്രവേശിച്ചവരുടെ കണക്ക് നൽകാമോ ;

(ബി) എങ്കിൽ അവരിൽ എത്രപേർ പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നേരിട്ട് അഭിമുഖത്തിലൂടെയും നിയമിക്കപ്പെട്ടവരാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇപ്രകാരമുള്ള നിയമനങ്ങളിൽ സംവരണ തത്വം പാലിക്കാതെ നിയമിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം</u>

4464 ശ്രീ.റോഷി അഗസ്റ്റിൻ
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സിവിൽ സർവ്വീസ് രൂപീകരണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് എത്ര ഐ.എ.എസ്, ഐ.പി.എസ്.ഓഫീസർമാരുടെ കുറവ് ഉണ്ട് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>പേഴ്സണൽ സ്റ്റാഫ് നിയമനം</u>

4465 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവരുടെ സ്റ്റാഫിൽ എത്ര വീതം ഉദ്യോഗസ്ഥരാണ് നിലവിലുള്ളത് ;

(ബി) നിലവിലുണ്ടായിരുന്ന തസ്തികകളുടെ എണ്ണം കൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഓരോ മന്ത്രിമാരുടെ സ്റ്റാഫിലും എത്ര വീതം തസ്തികകളാണ് പുതിയതായി ഉൾപ്പെടുത്തുന്നത് എന്നു വ്യക്തമാക്കുമോ ;

(ഡി) പോസ്റ്റ് സൃഷ്ടിക്കാതെ എത്ര പേർ പേഴ്സണൽ സ്റ്റാഫിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഏതെല്ലാം മന്ത്രിമാരുടെ സ്റ്റാഫിലാണ് സൃഷ്ടിക്കപ്പെടാത്ത പോസ്റ്റിൽ പ്രവർത്തിക്കുന്നത് എന്നു വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>പി. എസ്. സി. റാങ്ക് ലിസ്റ്റ്</u>

4466 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പി. എസ്. സി. റാങ്ക് ലിസ്റ്റ് ഏതൊക്കെ തസ്തികകൾക്ക് കാലാവധി നീട്ടി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ പുതുതായി എത്ര നിയമനങ്ങൾ നടത്തി എന്നത് വ്യക്തമാക്കാമോ; വകുപ്പ് തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>സൈനികരുടെ ആശ്രിത നിയമനം</u>

4467 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈനികരുടെ ആശ്രിതരിൽ അർഹതയുള്ളവർക്ക് നിയമനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അർഹതയുള്ളവർക്ക് ഉടൻ നിയമനം നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) നിയമനം ലഭിക്കാൻ അർഹതയുള്ളവർ ആരൊക്കെയാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ഹെഡ് ക്വാർട്ടേഴ്സ് നിയമനത്തിലെ സീനിയോറിറ്റി</u>

4468 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

പി.എസ്.സി. മുഖാന്തിരം ജില്ലാതല റിക്രൂട്ട്മെന്റ് നടത്തി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് നിയമനം ലഭിച്ചവർ സ്വന്തം ജില്ലയിൽ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിന്റെ ഓഫീസ് ഇല്ലാത്തതിനാൽ അന്തർ വകുപ്പ് സ്ഥലമാറ്റം വഴി സ്വന്തം ജില്ലയിൽ സേവനം ചെയ്യുമ്പോൾ അവരുടെ സീനിയോറിറ്റി, പ്രൊമോഷൻ മുതലായ ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിന് 08.06.2006 ലെ ഒ.പി. നമ്പർ 4034/03കോടതി വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ 01.03.1997 ന് ശേഷം നിയമനം ലഭിച്ചവർക്ക് കൂടി ബാധകമാകുന്ന തരത്തിൽ ഉത്തരവാകുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്കുള്ള പി. എസ്. സി. നിയമനം</u>

4469 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 14.11.2004-ലെ എം. എസ്. നമ്പർ 260/2006/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്കുള്ള വിവിധ തസ്തികകളിലേയ്ക്ക് ജില്ലാതല പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ പി. എസ്. സി. നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതനുസരിച്ച് ജെ. എച്ച്. ഐ., ജെ. പി. എച്ച്. എൻ. എന്നീ തസ്തികകളുടെ ജില്ലാതല പി. എസ്. സി. ലിസ്റ്റിൽ നിന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് നിയമന ശുപാർശകൾ പി. എസ്. സി. നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത ഉത്തരവുപ്രകാരം തിരുവനന്തപുരം കോർപ്പറേഷനിലെ ജെ. പി. എച്ച്. എൻ.-ന്റെ എത്ര ഒഴിവുകൾ എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് നാളിതുവരെ നിയമന ശുപാർശ അയയ്ക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ; അടിയന്തിരമായി നിയമന ശുപാർശ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങൾ നിശ്ചയിക്കുന്നതിന് നടപടി</u>

4470 ശ്രീ. റോഷി അഗസ്റ്റിൻ
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനിലെ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങൾ കേരളാ സർവ്വീസ് റൂൾ പ്രകാരമാണോ നിശ്ചയിക്കുന്നത്;

(ബി) എങ്കിൽ കെ.എസ്.ആർ. ന് വിരുദ്ധമായി പി.എസ്.സി. യിൽ നടന്നിട്ടുളള ചട്ടവിരുദ്ധ നടപടികൾ പുന:പരിശോധിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) പി.എസ്.സി. യിൽ ഇത്തരത്തിൽ ജീവനക്കാർ നേരിട്ടിട്ടുളള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പുതിയ ചെയർമാന്റെ നേതൃത്വത്തിൽ അദാലത്ത് നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>പി. എസ്. സി. ഡിപ്പാർട്ട്മെന്റൽ പരീക്ഷ</u>

4471 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. യുടെ വകുപ്പുതല പരീക്ഷകൾക്കായി സർക്കാർ അംഗീകൃത റഫറൻസ് പുസ്തകങ്ങൾ ലഭ്യമാകുന്നില്ല എന്നതു സംബന്ധിച്ച് പരാതികളോ അറിയിപ്പുകളോ ലഭിച്ചിരുന്നോ എന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റഫറൻസ് പുസ്തകങ്ങൾ മാത്രമേ പരീക്ഷാ ഹാളിൽ അനുവദിക്കൂ എന്ന പി.എസ്.സി. നിബന്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആവശ്യമാകുന്നത്ര എണ്ണം റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 20.10.2011-ലെ മറുപടിക്ക്

പി. എസ്. സി. ശുപാർശ പ്രകാരം യോഗ്യതയിൽ വരുത്തിയ മാറ്റം

4472 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, കെ. എം. ഉമ്മർ മാസ്റ്റർ
,, കെ. എൻ. എ. ഖാദർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാസ്റ്റ് ഗ്രേഡ്, എൽ. ഡി. സി., സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് എന്നീ തസ്തികകളിലേയ്ക്കുള്ള യോഗ്യതയിൽ പി. എസ്. സി. ശുപാർശ പ്രകാരം മാറ്റം വരുത്തിക്കൊണ്ട് 01.07.2011 ൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെയുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സംബന്ധിച്ച അംഗീകൃത കോഴ്സുകൾ ഏതൊക്കെയാണെന്ന് നോട്ടിഫൈ ചെയ്തിട്ടുണ്ടോ; എങ്കിൽ നോട്ടിഫിക്കേഷന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(സി) ഇത്തരം അംഗീകൃത കോഴ്സുകൾ നടത്താൻ അനുമതി നൽകപ്പെട്ടിട്ടുള്ള സർക്കാർ സ്ഥാപനങ്ങളുടേയും സ്വകാര്യ സ്ഥാപനങ്ങളുടേയും ലിസ്റ്റ് നൽകാമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് നടന്ന നിയമനത്തട്ടിപ്പുകളുമായി ബന്ധമുള്ള ചില കോച്ചിംഗ് സെന്ററുകൾക്ക് ഈ ഉത്തരവു മുഖേന നേട്ടമുണ്ടാവുമെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ;

(ഇ) എൽ. ജി. എസ്. തസ്തികയിൽ ബിരുദധാരികൾ അപേക്ഷിക്കേണ്ടതില്ലെന്ന ഉത്തരവിലെ വ്യവസ്ഥകൾ അധിക യോഗ്യത അയോഗ്യതല്ല എന്ന സുപ്രീം കോടതി നിരീക്ഷണത്തിന് വിരുദ്ധമാണെന്ന കാര്യം ഉത്തരവ് പുറപ്പെടുവിക്കും മുമ്പ് പരിഗണിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആ തത്വം അവഗണിച്ചു കൊണ്ട് ഈ വ്യവസ്ഥ ഉൾപ്പെടുത്താനിടയായ സാഹചര്യം വിശദമാക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>സപ്പർ ന്യൂമററി ഒഴിവുകൾ</u>

4473 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിരമിക്കൽ ഏകീകരണം പിൻവലിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് ബദൽ സംവിധാനമാണ് ആലോചിക്കുന്നത്;

(സി) 2012 മാർച്ച് 31 ന് വിരമിക്കുന്ന എത്ര ജീവനക്കാരുണ്ട്; വകുപ്പ് തിരിച്ച് വിശദമാക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകൾ സൂപ്പർ ന്യൂമററിയായി പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) ഇതുവരെ എത്ര സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമനം നടന്നിട്ടുണ്ട്; വകുപ്പുതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>പി. എസ്. സി പരീക്ഷയുടെ യോഗ്യത ഉയർത്തിയത്</u>

4474 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ തസ്തികകളിൽ പി. എസ്. സി. നിയമനത്തിന് യോഗ്യത ഉയർത്തി പുറപ്പെടുവിച്ച ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഐ.എ.എസ്. പോലുള്ള ദേശീയ പരീക്ഷകൾക്ക് പോലും യോഗ്യത ഏതെങ്കിലും വിഷയത്തിൽ ബിരുദമായിരിക്കെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റിന്റെ യോഗ്യത ബിരുദത്തിന് നിശ്ചിത ശതമാനം മാർക്കും ഡി.സി.എ. കമ്പ്യൂട്ടർ യോഗ്യതയും ഉണ്ടാവണമെന്ന് ഉത്തരവിറക്കിയത് എന്തടിസ്ഥാനത്തിലാണ് ;

(സി) പ്രസ്തുത ഉത്തരവ് പുന:പരിശോധിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനു നടപടി</u>

4475 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്ന എന്തൊക്കെ സംവിധാനങ്ങളും സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ വരുന്ന ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(സി) പ്രാദേശികതലങ്ങളിൽ സിവിൽ സർവ്വീസ് പരീക്ഷകൾക്ക് തയ്യാറാകുന്ന പരിശീലന സ്ഥാപനങ്ങൾ തുടങ്ങുന്നതിന് ഉദ്ദേശമുണ്ടോ; വിശദീകരിക്കാമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>സിവിൽ സർവ്വീസ് കാര്യക്ഷമമാക്കാൻ നടപടി</u>

4476 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസിന്റെ കാര്യക്ഷമതക്കുറവ് ഇല്ലാതാക്കാൻ എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണപരിഷ്ക്കാര കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകൾ ആണ് നടപ്പിലാക്കിയത്; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ വകുപ്പിലും എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>നൂറുദിന കർമ്മപരിപാടിയും അതിന്റെ വിജയത്തിനുള്ള പദ്ധതികളും</u>

4477 ശ്രീ.റ്റി. എ. അഹമ്മദ് കബീർ
,, മഞ്ഞളാംകുഴി അലി
,, കെ. എം. ഷാജി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ആരംഭം കുറിച്ച വികസന പദ്ധതികളുടെയും, പരിഷ്ക്കരണ നടപടികളുടെ ക്രമമായ പുരോഗതിയും, നിശ്ചിത കാലപരിധിക്കുള്ളിലെ പൂർത്തീകരണവും ഉറപ്പാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ;

(ബി) പുതിയ പദ്ധതികളുടെയും,പരിപാടികളുടെയും പ്രവർത്തനം മുടക്കം കൂടാതെ നടക്കാൻ ആവശ്യമായ ഫണ്ട് ലഭ്യമാക്കാനും, മോണിട്ടർ ചെയ്യാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനായി ഒരു മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ ;

(സി) നുറുദിന കർമ്മപരിപാടി പ്രഖ്യാപനപ്രകാരം നടപ്പാക്കുന്നതിൽ വിജയം വരിച്ച സർക്കാർ, അവയുടെയും, നടപ്പാക്കാൻ ഉദ്ദേശിക്കു പുതിയ പദ്ധതികളുടേയും വിജയം ഉറപ്പാക്കാൻ ഭരണ സംവിധാനത്തിൽ എന്തെങ്കിലും പരിഷ്ക്കരണം അനിവാര്യമാണെന്ന് കരുതുന്നുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദ വിവരം നല്കാമോ ;

(ഡി) നൂറുദിന കർമ്മ പരിപാടികൊണ്ട് ജനങ്ങൾക്ക് അനുഭവവേദ്യമാക്കാൻ സാധിച്ച പ്രധാന പരിപാടികളെയും, എത്രത്തോളം പാവപ്പട്ടെവർക്ക് അതിന്റെ പ്രയോജനം നേരിട്ടു ലഭിച്ചു എന്നതും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>സർക്കാർ മൊബൈൽ ഫോൺ</u>

4478 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മന്ത്രിസഭാംഗങ്ങൾ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർക്ക് സർക്കാർ മൊബൈൽ ഫോൺ നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത മൊബൈൽ ഫോണിന്റെ ഉപയോഗത്തിന് സാമ്പത്തിക പരിധിയുണ്ടോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവരുടെ മൊബൈൽ ചാർജ്ജ് എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>നൂറുദിന പരിപാടി</u>

4479 ശ്രീ.കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 100 ദിന പരിപാടികളിൽ ഉൾപ്പെടുത്തിയ എല്ലാ പദ്ധതികളും ആവിഷ്ക്കരിച്ചുനടപ്പിലാക്കിയിട്ടുള്ളതാണോ ;

(ബി) പുതിയതായി ഏതെല്ലാം പദ്ധതികളാണ് ഇപ്രകാരം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത് ;

(സി) 100 ദിന പരിപാടിയിൽ എത്ര കോടിയുടെ പദ്ധതികളാണ് ഉദ്ദേശിച്ചുനടപ്പിലാക്കിയിട്ടുള്ളത് ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ നൂറ് ദിന കര്‍മ്മ പദ്ധതികള്‍</u>

4480 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

അമ്പലപ്പുഴ മണ്ഡലത്തില്‍ 100 ദിനപരിപാടിയില്‍ ഉള്‍പ്പെടുത്തി ഏതെല്ലാം പ്രവൃത്തികള്‍ ഉത്ഘാടനം നിര്‍വ്വഹിച്ചുവെന്നും, 100 ദിന പരിപാടിയില്‍ ഉള്‍പ്പെടുത്തിയെങ്കിലും പ്രവര്‍ത്തനങ്ങള്‍ ആരംഭിക്കാത്തതുമായ പദ്ധതികള്‍ ഏതെല്ലാം എന്നും അറിയിക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>നൂറുദിന കർമ്മ പദ്ധതി</u>

4481 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എളമരം കരീം
ഡോ. കെ. ടി. ജലീൽ
ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതികൾക്ക് ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും എന്തെങ്കിലും തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഉദ്ഘാടനം ചെയ്യപ്പെട്ട പദ്ധതികളിൽ, ഈ സർക്കാരിന്റെ കാലത്ത് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ ഏതെങ്കിലും പദ്ധതി ഉണ്ടായിരുന്നുവോ;

(സി) എത്ര പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയുണ്ടായി ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികള്‍</u>

4482 ശ്രീ. എം. വി. ശ്രേയാംസ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് എത്ര കേന്ദ്രാവിഷ്കൃത പദ്ധതികള്‍ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ പുദ്ധതികള്‍ക്കുമുളള കേന്ദ്ര - സംസ്ഥാന വിഹിതം എത്രയെന്നു വ്യക്തമാക്കുമോ;

(സി) പദ്ധതി ഇനത്തില്‍ നീക്കിവച്ച മുഴുവന്‍ തുകയും വിനിയോഗിക്കാന്‍ എന്തെല്ലാം നടപടികളാണ് ഈ സര്‍ക്കാര്‍ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കേന്ദ്ര സഹായം</u>

4483 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം ഏതെല്ലാം മേഖലയിലാണ് കേന്ദ്ര സഹായം ലഭിച്ചിട്ടുളളത് എന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേന്ദ്രം വിവിധ പദ്ധതികൾക്കായി അനുവദിച്ച എത്ര കോടി രൂപ ലാപ്സായി എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>കൂടുതല്‍ കേന്ദ്രാനുകൂല്യം</u>

4484 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തിനുവേണ്ടി കൂടുതല്‍ ആനുകൂല്യങ്ങള്‍ക്കായി മുഖ്യമന്ത്രിയും മന്ത്രിമാരും കേന്ദ്രം സന്ദര്‍ശിച്ചപ്പോള്‍ വിവിധ വകുപ്പുകളിലൂടെ എത്ര കോടി രൂപയുടെ പദ്ധതികളാണ് കേന്ദ്രം മുമ്പാകെ സമര്‍പ്പിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കുമോ ;

(ബി) അപ്രകാരം സമര്‍പ്പിക്കപ്പെട്ട പദ്ധതികളില്‍ എത്ര കോടി രൂപയുടെ പദ്ധതികള്‍ക്കാണ് അംഗീകാരം ലഭ്യമായത് ;

(സി) ഓരോ മന്ത്രിയുടേയും വകുപ്പുകള്‍ തരം തിരിച്ച് അനുവദിക്കപ്പെട്ട പദ്ധതികളുടെ ലിസ്റ്റ് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

# 20.10.2011-ലെ മറുപടിക്ക്

<u>എല്ലാ ഗ്രാമങ്ങളിലും നൂറു ശതമാനം ബാങ്കിംഗ് സേവനം</u>

4485 ശ്രീ. ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ
,, എം. പി. വിൻസെന്റ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറു ശതമാനം ബാങ്കിംഗ് സേവനം എല്ലാ ഗ്രാമങ്ങളിലും ലഭ്യമാക്കുന്നതിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തുകയുണ്ടായോ; വിശദമാക്കുമോ;

(ബി) ഔദ്യോഗിക പ്രഖ്യാപനത്തിന്റെ ഭാഗമായി സംസ്ഥാനതല ബാങ്കിംഗ് സമിതി യോഗത്തിൽ സംസ്ഥാനത്തിനുവേണ്ടി ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായോ;

(സി) ഏതെല്ലാം ആവശ്യങ്ങളാണ് സംസ്ഥാനം ഉന്നയിച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>പൊതുമുതൽ നശിപ്പിക്കുന്നതിനെതിരെയുള്ള നടപടി</u>

4486 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, സി. മോയിൻകുട്ടി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾ പൊതുമുതൽ നശിപ്പിക്കുന്നതിനെതിരെയുള്ള ക്രിയാത്മക പ്രവർത്തനങ്ങളെന്തെങ്കിലും പരിഗണനയിലുണ്ടോ;

(ബി) സ്ഥാപനങ്ങൾക്കകത്തും പുറത്തുമുള്ള അക്രമങ്ങൾ ഇല്ലാതാക്കി വിദ്യാർത്ഥി സംഘടനകൾക്കിടയിൽ സമവായവും, സൗഹൃദവും വളർത്താൻ നടപടി സ്വീകരിക്കുമോ;

(സി) ക്യാംപസുകളിൽ എല്ലാ വിദ്യാർത്ഥി സംഘടനകൾക്കും പ്രവർത്തിക്കുന്നതിനു സംഘടനകൾക്കിടയിൽ സമവായമുണ്ടാക്കാൻ മുൻകൈയെടുക്കുമോ;

(ഡി) വിദ്യാഭ്യാസ മേഖല സമാധാനപൂർണ്ണമാക്കാൻ സർവ്വകക്ഷിയോഗം വിളിച്ചുചേർക്കുന്നതിന് നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>പാരിസ്ഥിതിക കുറ്റകൃത്യങ്ങൾ</u>

4487 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പരിസ്ഥിതി സംരക്ഷണ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) പരിസ്ഥിതിയ്ക്ക് കോട്ടം വരുത്തുന്ന എന്തെല്ലാം കാര്യങ്ങളാണ് കുറ്റകൃത്യങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) അത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ ശിക്ഷിക്കുന്നതിന് പര്യാപ്തമായ നിയമ വ്യവസ്ഥകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ നിയമ നിർമ്മാണത്തിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>മലയാള ഭാഷയ്ക്ക് ക്ലാസിക് പദവി</u>

4488

ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാള ഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനും മലയാള പഠനം നിർബന്ധമാക്കുന്നതിനും ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) മലയാളം സർവ്വകലാശാല എന്നു മുതൽ പ്രാവർത്തികമാകുമെന്ന് പറയാമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

ഭൂമി ഉടമസ്ഥർ അറിയാതെ ഐ. ആർ. ഇ. കമ്പനിക്ക് പാട്ടത്തിന് നൽകിയതിനെതിരെ നടപടി

4489 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ ആലപ്പാട്ട് ഐണിവേലികുളങ്ങര വില്ലേജുകളിലെ 180 ഹെക്ടർ ഭൂമി ഉടമസ്ഥർ അറിയാതെ ഐ. ആർ. ഇ. കമ്പനിക്ക് പാട്ടത്തിന് നൽകാനുണ്ടായ സാഹചര്യം എന്താണ്;

(ബി) ഉടമസ്ഥർക്ക് ഭൂമി തിരികെ നൽകുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ;

(സി) ഖനനം ആരംഭിച്ചിട്ടില്ലെങ്കിൽ മതിയായ നഷ്ടപരിഹാരം ഭൂ ഉടമകൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ഭൂചലനങ്ങൾ</u>

4490 ശ്രീ.കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തിനിടയിൽ സംസ്ഥാനത്ത് എത്ര ഭൂചലനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവ ഓരോന്നിന്റെ തീവ്രത എത്രയാണ് റിക്ടർ സ്കെയിലിൽ രേഖപ്പെടുത്തിയതെന്ന് വെളിപ്പെടുത്താമോ;

(സി) ഭൂമികുലുക്കത്തിന്റെ വ്യാപ്തിയും, ആഘാതവും കണ്ടെത്താനും ചലനങ്ങളെ വിദൂരത്ത് നിന്ന് വിശകലനം ചെയ്യാനും എന്തെങ്കിലും സംവിധാനം ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഡി) അണക്കെട്ടുകളുടേയും, ഡാമുകളുടേയും സമീപത്തായി ഉണ്ടാകുന്ന ഭൂചലനങ്ങളുടെ ആഘാതം പഠിക്കാനും സുരക്ഷ ഉറപ്പു വരുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ജനസാന്ദ്രതയിലും, ആവാസ വ്യവസ്ഥയിലും മുൻതൂക്കമുള്ള കേരളത്തിൽ ഭൂചലനങ്ങൾ സൃഷ്ടിച്ചേക്കാവുന്ന ദുരന്തങ്ങളെക്കുറിച്ച് പഠിച്ച് ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>ഭരണഭാഷ പൂർണ്ണമായും മലയാളമാക്കാൻ നടപടി</u>

4491 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര വകുപ്പുകളിലാണ് ഭരണഭാഷ പൂർണ്ണമായും മലയാളമായിരിക്കണമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) ഭരണഭാഷ മലയാളമാകണമെന്ന് പ്രഖ്യാപിച്ച വകുപ്പുകളിൽ ഇപ്പോഴും ഇംഗ്ലീഷിൽ ഉത്തരവുകൾ ഇറങ്ങാൻ കാരണമെന്താണ്;

(സി) ഭരണഭാഷ മലയാളമായി പ്രഖ്യാപിച്ച വകുപ്പുകളിൽ ഫയലുകൾ ഇപ്പോഴും ഇംഗ്ലീഷിൽ കൈകാര്യം ചെയ്യുന്നവർക്കെതിരെ എന്തെങ്കിലും ശിക്ഷണ നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കെതിരെ;

(ഡി) സെക്രട്ടറി തലത്തിൽ നടക്കുന്ന ഭൂരിപക്ഷം യോഗങ്ങളുടെ മിനിട്സും തുടർന്നുള്ള ഉത്തരവുകളും ഇംഗ്ലീഷിൽ തയ്യാറാക്കുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>എറണാകുളം എൽ.എൻ.ജി. ടെർമിനലിൽ നിന്നും കായംകുള ത്തേക്ക് വാതക പൈപ്പുലൈൻ കൊണ്ടുവരുന്ന പദ്ധതി</u>

4492 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം എൽ.എൻ.ജി. ടെർമിനലിൽ നിന്നും കായംകുളത്തേക്ക് വാതക പൈപ്പുലൈൻ കൊണ്ടുവരുന്ന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതിനെതിരെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ആദ്യ അനുമതി നൽകാതിരുന്നതിനുള്ള കാരണമെന്തായിരുന്നു;

(സി) പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കുന്നതിന് എന്തുറപ്പാണ് കമ്പനി നൽകിയത്; അതിന്റെ രേഖകൾ മേശപ്പുറത്തുവെയ്ക്കുമോ;

(ഡി) വാതക ചോർച്ച കണ്ടെത്തുന്നതിന് എന്തെങ്കിലും ശാസ്ത്രീയ മാർഗ്ഗം അവലംബിച്ചിട്ടുണ്ടോ; ഇത് എവിടെയെങ്കിലും പരീക്ഷിക്കപ്പെട്ടിട്ടുണ്ടോ; ഇത്രയും ദീർഘദൂരത്തിൽ എവിടെയെല്ലാം ലീക്കുണ്ടായിട്ടുണ്ടെന്ന് ഉടനടി കണ്ടെത്താൻ എങ്ങനെയാണ് സാധിക്കുക;

(ഇ) വാതക ചോർച്ചയുണ്ടായാൽ കടലിന്റെ ജൈവാവസ്ഥയ്ക്ക് ഹാനികരമാകുമെന്നത് സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ;

(എഫ്) ആറാട്ടുപുഴയിൽ നിന്നും കായംകുളത്തേക്ക് ജനവാസ കേന്ദ്രത്തിനുള്ളിലൂടെയാണ് പൈപ്പുലൈൻ കടന്നുവരുന്നതെന്നും, അത് ആവാസ കേന്ദ്രങ്ങളിൽ നിന്നും നിശ്ചിതദൂരപരിധി പാലിക്കപ്പെട്ടിട്ടില്ലെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

(ജി) കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത മത്സ്യമേഖലയിലൂടെയാണ് പൈപ്പുലൈൻ കടന്നുവരുന്നു എന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ ന്യായമായ ആശങ്ക പരിഗണിച്ചിട്ടില്ലായെന്ന പരാതി ഗൗരവമുള്ളതല്ലേ;

(എച്ച്) മത്സ്യബന്ധന മേഖലയ്ക്ക് ഒരുവിധത്തിലും ബുദ്ധിമുട്ടുകൾ ഉണ്ടാകില്ലായെന്ന് ഉറപ്പുനൽകാൻ കൈവശം എന്ത് ആധികാരിക രേഖയാണ് ഉള്ളത്;

(ഐ) വേണ്ടത്ര പഠനങ്ങളും പരീക്ഷണങ്ങളും നടത്താതെ കടലിന്റെ ജൈവാവസ്ഥയ്ക്കും, കരയിലെ ആവാസ വ്യവസ്ഥയ്ക്കും ഭീഷണിയായ പ്രസ്തുത പൈപ്പുലൈൻ പദ്ധതിയുമായി മുന്നോട്ടുപോകാൻ സർക്കാരിനെ നിർബന്ധിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

# 20.10.2011-ലെ മറുപടിക്ക്

<u>ഫയലുകൾ തീർപ്പാക്കുവാൻ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഉദ്യോഗസ്ഥർക്ക് അവാർഡ്</u>

4493 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫയലുകൾ തീർപ്പാക്കുവാൻ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഉദ്യോഗസ്ഥർക്ക് അവാർഡ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) നിയമപ്രശ്നമില്ലാത്ത ഫയലുകൾ ഒരു മാസത്തിനുള്ളിൽ തീർപ്പാക്കുന്ന പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയ്ക്ക് ധനസഹായം</u>

4494 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റ് പദ്ധതി സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കിയത് ഏത് സ്കൂളിലാണ്;

(ബി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഈ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റു പദ്ധതിയ്ക്ക് സർക്കാർ ധനസഹായം ചെയ്യുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>പോലീസ് സേനാ നവീകരണം</u>

4495 ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം കേരളാ പോലീസ് സേനാ നവീകരണത്തിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത്; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>നിഷയുടെ ദുരൂഹ മരണം</u>

4496 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ തേഞ്ഞിപ്പലം അംശം ചെനക്കുലങ്ങാടി ദേശത്ത് തെയ്യത്തം വീട്ടിൽ ശ്രീ. ബാലകൃഷ്ണന്റെ മകൾ നിഷയുടെ ദുരൂഹ മരണം സംബന്ധിച്ച് അന്വേഷണം ക്രൈം ബ്രാഞ്ചിന് കൈമാറികൊണ്ട് ഉത്തരവായിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ശ്രീ. ബാലകൃഷ്ണൻ മുഖ്യമന്ത്രിക്ക് നൽകിയിരുന്ന പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസ് പുനരന്വേഷണം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>ആംഡ് റിസർവ്വ് പോലീസിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം</u>

4497 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 01.07.2011 ന് കൊല്ലം ജില്ലാ ആംഡ് റിസർവ്വ് പോലീസിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റത്തിന് എത്ര പേർക്കാണ് ഉത്തരവ് നൽകിയത്;

(ബി) ഇതിൽ എത്ര പേർ ജോയിന്റ് ചെയ്തു;

(സി) ഇതിൽ ജോയിന്റ് ചെയ്യാത്തവരെ ഒഴിവാക്കി, സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട പോലീസുകാരെ സ്ഥലം മാറ്റത്തിന് പരിഗണിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>പോലീസ് ആശുപത്രികളിലെ നിയമനം</u>

4498 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് ആശുപത്രികളിൽ ആഭ്യന്തര വകുപ്പിന്റെ അനുവാദമില്ലാതെ ആശുപത്രി ജീവനക്കാരെ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ബി) കേരളത്തിലെ ജയിൽ ആശുപത്രികളിൽ ആഭ്യന്തര വകുപ്പിന്റെ അനുവാദമില്ലാതെ ആശുപത്രി ജീവനക്കാരെ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(സി) ജനപ്രതിനിധികളോ, ജീവനക്കാരുടെ സംഘടനകളോ ഈ വിഷയം ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ഗുണ്ടാ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവരുടെ വിശദാംശം</u>

4499 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് എവിടെയെല്ലാമാണെന്നും ആരൊക്കെയാണ് കൊല്ലപ്പെട്ടതെന്നും വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ എത്ര ഗുണ്ടാ ആക്രമണങ്ങൾ ഉണ്ടായെന്നും അവയിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(ഡി) ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷന്റെ നിർമ്മാണം</u>

4500 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ മാരായമുട്ടം എന്ന സ്ഥലത്ത് തുടങ്ങുവാൻ ഉദ്ദേശിക്കുന്ന പോലീസ് സ്റ്റേഷന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 20.10.2011-ലെ മറുപടിക്ക്

തടവുകാർക്ക് അനധികൃത സൗകര്യങ്ങൾ

4501 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എ. പ്രദീപ്കുമാർ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിൽ നിയമങ്ങൾക്ക് വിരുദ്ധമായി തിരുവനന്തപുരം സെൻട്രൽ ജയിലിൽ തടവുകാർക്ക് സൗകര്യങ്ങൾ നൽകിവരുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ നിന്ന് ചികിത്സാർത്ഥം സ്വകാര്യ ആശുപത്രികളിലേക്ക് മാറ്റപ്പെടുന്നവരെത്രയാണ്; സർക്കാർ ആശുപത്രിയിലേക്ക് മാറ്റിയിരുന്നവരെത്രയാണ്; ചികിത്സാസൗകര്യം സർക്കാർ ആശുപത്രിയിൽ ലഭ്യമായിരിക്കെ, സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റാനിടയായ സാഹചര്യം എന്തായിരുന്നു;

(സി) തടവിൽ സ്വകാര്യ ആശുപത്രിയിൽ കഴിയുന്ന ഏതെങ്കിലും തടവുകാരൻ സ്വന്തം മൊബൈൽ ഫോൺ നിരന്തരം ഉപയോഗിച്ചതായ ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ;

(ഡി) ശ്രദ്ധയിൽപ്പെട്ട തടവുകാരന്റെ ഫോണിൽ നിന്ന് എത്ര കോളുകൾ പോയിട്ടുണ്ട്; ഫോൺ കസ്റ്റഡിയിലെടുത്തിട്ടുണ്ടോ; ഏത് ഏജൻസി വഴിയാണ് ഫോൺ പരിശോധിച്ചത്; എന്തെല്ലാം സംഗതികൾ വെളിവായി; തടവിൽ കഴിയുന്ന ആളിന്റെ സഹായിയായി ഉണ്ടായിരുന്ന ആൾ ആരായിരുന്നു; ഇതിന് അനുവാദം ഉണ്ടായിരുന്നുവോ;

(ഇ) പ്രിസൺ കുറ്റങ്ങളുടെ അടിസ്ഥാനത്തിൽ ടിയാന് ഏത് നിയമത്തിലെ ഏത് വ്യവസ്ഥ അനുസരിച്ച് എന്തു ശിക്ഷ നൽകുകയുണ്ടായി; 2010 ലെ ജയിൽ നിയമത്തിലെ വ്യവസ്ഥ അനുസരിച്ച് ഈ കുറ്റത്തിന് നൽകേണ്ട പരമാവധി ശിക്ഷ എന്താണ്?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ശ്രീ. ബാലകൃഷ്ണപിള്ളയുടെ പരോളുകളുടെ വിശദാംശം</u>

4502 ശ്രീ.ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ മന്ത്രി ശ്രീ.ആർ.ബാലകൃഷ്ണപിള്ളയ്ക്ക് സുപ്രീം കോടതി എത്ര നാളത്തെ തടവുശിക്ഷയാണ് വിധിച്ചത് ;

(ബി) എന്നുമുതലാണ് തടവുശിക്ഷയാരംഭിച്ചത് ;

(സി) പ്രസ്തുത കാലയളവിൽ എത്ര ദിവസം പരോൾ അനുവദനീയമാണ് ;

(ഡി) പരോൾ വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ഇ) പരോൾ കാലാവധി ശിക്ഷാ കാലാവധിയുടെ ഏതെല്ലാം ഘട്ടത്തിലാണ് നൽകപ്പെടേണ്ടത് ; ബാലകൃഷ്ണപിള്ളയുടെ കാര്യത്തിൽ ഇളവ് നല്കിയിട്ടുണ്ടോ ;

(എഫ്) എത്ര ദിവസത്തെ ശിക്ഷയ്ക്ക്ശേഷമാണ് ഓരോ പരോളും നൽകിയത് ; ഓരോ പരോളും എത്രദിവസം വീതമായിരുന്നു ;

(ജി) ശിക്ഷാകാലാവധിയുടെ ആദ്യഭാഗങ്ങളിൽ തന്നെ അനുവദനീയമായ പരോൾ പൂർണ്ണമായും നൽകിക്കഴിഞ്ഞിരുന്നുവോ ;

(എച്ച്) പരോൾകാലാവധിയും ചികിത്സാ കാലയളവുമായി എത്ര ദിവസമാണ് തടവുപ്രതിയായ ബാലകൃഷ്ണപിള്ളയ്ക്ക് ലഭിച്ചത് ;

(ഐ) ബാക്കി എത്ര ദിവസം ജയിൽവാസം അനുഭവിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

വാളകത്തെ അദ്ധ്യാപകന്‍ ശ്രീ. കൃഷ്ണകുമാറിന്റെ ആശുപത്രിയിലെ തെളിവെടുപ്പിന്റെ വിശദാംശം

4503 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വാളകത്തെ അദ്ധ്യാപകന്‍ ശ്രീ. കൃഷ്ണകുമാറിനെ ആശുപത്രിയില്‍ പ്രവേശിപ്പിച്ചപ്പോള്‍ കേസ് ഷീറ്റില്‍ പരിക്കിനുള്ള കാരണമായി എന്താണ് രേഖപ്പെടുത്തിയിരുന്നത് ;

(ബി) ഡോക്ടര്‍മാര്‍ നല്‍കിയ മെഡിക്കല്‍ റിപ്പോര്‍ട്ടിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ ;

(സി) ആരൊക്കെയാണ് ശ്രീ. കൃഷ്ണകുമാറിനെ ഇതുവരെ ചികിത്സിച്ചത് ;

(ഡി) ചികിത്സയില്‍ കഴിയുന്നയാളില്‍ നിന്ന് ഐ. സി. യു. വില്‍വെച്ച് എത്ര തവണ പോലീസ് മൊഴിയെടുക്കുകയുണ്ടായി ; ആരെല്ലാമാണ് മൊഴിയെടുക്കല്‍ നടത്തിയത് ; മൊഴിയെടുക്കുന്നതിന് എത്ര സമയം ചെലവഴിച്ചു ;

(ഇ) ചോദ്യംചെയ്യല്‍ സമയം മുഴുവന്‍ കൃഷ്ണകുമാറിന് സ്വബോധമുണ്ടായിരുന്നോ ; ഇടയ്ക്ക് മയക്കത്തിലേക്ക് പോയിരുന്നോ ; ചോദ്യം ചെയ്യല്‍ റെക്കോര്‍ഡ് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>നോക്കുകൂലി പ്രശ്നങ്ങളിന്മേൽ നടപടി</u>

4504 ശ്രീ. വി. ഡി. സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോക്കുകൂലി പ്രശ്നങ്ങളിൽ ആഭ്യന്തര വകുപ്പ് എങ്ങനെയാണ് ഇടപെടാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇത്തരം പ്രശ്നങ്ങളിൽ നിലവിലുള്ള ഏതു നിയമം വഴിയാണ് കേസ്സ് ചാർജ്ജ് ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്ത് ആദ്യ ഘട്ടത്തിൽ എവിടെയൊക്കെയാണ് ഇത്തരം കേസ്സുകളിൽ നടപടിയെടുക്കാനുദ്ദേശിക്കുന്നത്;

(ഡി) സംസ്ഥാനം മുഴുവനും ഇതു നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>സ്റ്റേഷനുകളിൽ കിടന്ന് നശിക്കുന്ന പിടിച്ചെടുക്കപ്പെട്ട വാഹനങ്ങൾ</u>

4505 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എക്സൈസ്, പോലീസ്. വനം വകുപ്പ് മുതലായവ പിടിച്ചെടുത്ത വാഹനങ്ങൾ സ്റ്റേഷൻ പരിസരങ്ങളിലും പൊതുനിരത്തുകളുടെ ഓരങ്ങളിലും കിടന്ന് തുരുമ്പു പിടിച്ചും പ്രധാന ഭാഗങ്ങൾ മോഷ്ടിക്കപ്പെട്ടും നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ വിവധ സ്റ്റേഷനുകളിൽ കിടക്കുന്ന ഇത്തരം വാഹനങ്ങൾ വെറുതെ കിടന്ന് നശിക്കാതെ ലേലം ചെയ്ത് സർക്കാരിലേയ്ക്ക് മുതൽ കൂട്ടാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്ന് വിശദാക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>മാധ്യമപ്രവർത്തകർക്ക് ഏർപ്പെടുത്തിയിട്ടുള്ള സംരക്ഷണം</u>

4506 ശ്രീ. എം. ചന്ദ്രൻ
,, കെ. വി. അബ്ദുൾ ഖാദർ
,, കെ. വി. വിജയദാസ്
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാധ്യമപ്രവർത്തകർക്ക് അവരുടെ ജോലിയുടെ ഭാഗമായി എന്തെല്ലാം നിലയിലുള്ള പ്രത്യേക സംരക്ഷണങ്ങളാണ് ഉറപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മാധ്യമപ്രവർത്തകർക്ക് പോലീസ് മർദ്ദനം മൂലം ഏതെല്ലാം സംഭവങ്ങളിൽ പരിക്കേൽക്കുകയുണ്ടായി?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

ഗതാഗത നിയമലംഘനം

4507 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്; ഇതിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് മാരകമായി പരിക്കു പറ്റിയിട്ടുണ്ട്;

(ബി) വാഹന അപകടങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ പ്രധാന കാരണമെന്ത്;

(സി) ഗതാഗത നിയമലംഘനം പ്രധാന കാരണങ്ങളിലൊന്നാണോ;

(ഡി) എങ്കിൽ നിയമം കർശനമായി നടപ്പിലാക്കുന്നതിനു സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>വൈക്കം, തലയോലപ്പറമ്പ്, വെള്ളൂർ സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസുകൾ</u>

4508 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽപ്പെട്ട വൈക്കം, തലയോലപ്പറമ്പ്, വെള്ളൂർ പോലീസ് സ്റ്റേഷനുകളിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത കേസുകൾ എത്ര;

(ബി) ഇതിൽ തെളിയിക്കപ്പെട്ടതും, തെളിയിക്കപ്പെടാത്തതുമായ കേസുകൾ എത്ര;

(സി) ഇവിടെ കഴിഞ്ഞ 5 വർഷത്തിനിടയിൽ പോലീസിനെതിരായ എതെങ്കിലും കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>ട്രാഫിക് നിയമ ലംഘനം</u>

4509 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ക്യാമറകൾ സ്ഥാപിച്ച് ട്രാഫിക് നിയമം ലംഘിക്കുന്നവരുടെ ഫോട്ടോ എടുക്കുന്ന സംവിധാനം എന്ന് മുതലാണ് പ്രവർത്തിച്ചു തുടങ്ങിയത്; ഈ സംവിധാനം ഉപയോഗിച്ച് ഇതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; പിഴയിനത്തിൽ എത്ര രൂപാ സർക്കാരിന് ലഭിച്ചിട്ടുണ്ട്;

(ബി) തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ പ്രധാന നഗരങ്ങളിൽ ഈ സംവിധാനം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>പോലീസ് സർക്കിൾ ഇൻസ്പെക്ടർമാർക്ക്</u>
<u>'ഡേ ഓഫ് അലവൻസ്' വിതരണം</u>

4510 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സർക്കിൾ ഇൻസ്പെക്ടർമാർക്ക് അനുവദിച്ച 'ഡേ ഓഫ് അലവൻസ്' വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(സി) അനുവദിക്കുമ്പോൾ പ്രഖ്യാപനം വന്നതിനു ശേഷമുള്ള കാലത്തെ കുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

ലാത്തിച്ചാർജ്ജിന്റെ വിശദാംശങ്ങൾ

4511 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ നടന്ന ലാത്തിച്ചാർജ്ജുകളിൽ എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട്;

(ബി) ഈ കാലയളവിൽ പോലീസ് എത്ര സ്ഥലത്ത് കണ്ണീർ വാതകം, ജലപീരങ്കി എന്നിവയുടെ പ്രയോഗം നടത്തിയിട്ടുണ്ട്?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

ബിപിൻരാജിന്റെ മരണം

4512 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല, കോട്ടവിള ലേഖാഭവനിൽ ബിപിൻരാജിന്റെ മരണം ക്രൈം ബ്രാഞ്ചിനെ കൊണ്ട് അന്വേഷിപ്പിക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീമതി ലേഖ സമർപ്പിച്ച അപേക്ഷയിൻമേൽ 1-6-2011-ലെ 37710/എം/3/2011/ആഭ്യന്തരം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ടോ;

(ബി) പ്രസ്തുത കേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) കേസിന്റെ അന്വേഷണ ചുമതല ആർക്കാണ് ;

(ഡി) ഈ കേസുമായി ബന്ധപ്പെട്ടുള്ള എഫ്.ഐ.ആർ., ഫോറൻസിക് റിപ്പോർട്ട്, സീൻമഹസ്സർ, അന്വേഷണവുമായി ബന്ധപ്പെട്ട് വിസ്തരിച്ചവരുടെ മൊഴിയുടെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

ചവറ തെക്കുംഭാഗം പോലീസ് സ്റ്റേഷൻ ആക്രമിച്ച സംഭവം

4513 ശ്രീ. എം.എ. ബേബി
,, സി.കെ. സദാശിവൻ
,, ആർ. രാജേഷ്
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചവറ തെക്കുംഭാഗം പോലീസ് സ്റ്റേഷൻ ആക്രമിച്ച് സി.ഐ. യെ തടഞ്ഞുവെയ്ക്കുകയും എസ്.ഐ. യെ ബന്ദിയാക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംഭവത്തിൽ എന്തെല്ലാം നാശനഷ്ടങ്ങളുണ്ടായി; എത്ര പേർക്കെതിരെ പോലീസ് കേസ്സെടുക്കുകയുണ്ടായി; ഏതെല്ലാം വകുപ്പുകൾ അനുസരിച്ച് എത്രപേരെ അറസ്റ്റു ചെയ്തു;

(സി) സംഭവത്തിനിടയായ സാഹചര്യം എന്തായിരുന്നു;

(ഡി) പ്രതികളും ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയും തമ്മിൽ ബന്ധമുള്ളതായി വെളിവായിട്ടുണ്ടോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ബൈക്കിൽ സഞ്ചരിച്ച് കുറ്റകൃത്യങ്ങൾ നടത്തുന്നവർ</u>

4514 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എൽ.-5 ഇ 3490-ാം നമ്പർ എൻഫീൽഡ് മോട്ടോർ സൈക്കിളിൽ വന്ന് ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ വടക്കേ നടയിൽ വച്ച് സ്ത്രീകളുടെ മാല പൊട്ടിക്കുവാൻ ശ്രമിച്ചത് സംബന്ധിച്ച് സിറ്റി പോലീസ് കമ്മീഷണർക്കും ട്രാഫിക് അസിസ്റ്റന്റ് കമ്മീഷണർക്കും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് നാളിതുവരെ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത വാഹനം കന്റോൺമെന്റ് സ്റ്റേഷന്റെ സമീപത്ത് വച്ച് 21.05.2011 ൽ തെറ്റായ ദിശയിൽ വന്ന് മറ്റൊരു വാഹനത്തെ ഇടിച്ച് കേട് വരുത്തിയത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിന്മേൽ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ഇ) പ്രസ്തുത വാഹനം മ്യൂസിയത്തിന് സമീപമുള്ള റോഡിൽ ബുള്ളറ്റ് റെയ്സിങ്ങിൽ സ്ഥിരമായി പങ്കെടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) 21.05.2011 ൽ ട്രാഫിക് നോർത്ത് എ.സി. ക്ക് ലഭിച്ച പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കേസിന്റെ നമ്പരും വിശദാംശവും വെളിപ്പെടുത്തുമോ;

(ജി) നിരന്തരം വിവിധ കുറ്റകൃത്യങ്ങളിൽ പങ്കെടുക്കുന്ന ഈ വാഹനത്തെ കണ്ടെത്തി നിയമനടപടികൾ കൈക്കൊള്ളുവാൻ അടിയന്തിര നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് ഗേറ്റിൽ വാഹനം ഇടിച്ചുകയറ്റിയ സംഭവം</u>

4515

ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ വി.ഐ.പി. ഗേറ്റിലേക്ക് വാഹനവുമായി ഇടിച്ചുകയറി, അതിക്രമിച്ച് കടക്കാൻ ശ്രമിച്ച സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) സംഭവത്തെക്കുറിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായോ; ഏതെല്ലാം വകുപ്പുകൾ അനുസരിച്ച് ആർക്കെല്ലാം എതിരെ കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി;

(സി) പ്രതികൾ ആരൊക്കെയാണ്; ഏതെങ്കിലും പ്രതികൾ ഓടി രക്ഷപ്പെടുകയുണ്ടായോ;

(ഡി) ഇടിച്ചുകയറിയ കാറിൽ മദ്യം ഉണ്ടായിരുന്നോ; വാഹനം ഓടിച്ചയാൾ മദ്യപാനം നടത്തിയതായി തെളിയുകയുണ്ടായോ;

(ഇ) അന്വേഷണത്തിൽ പ്രതികൾക്ക് ഏത് രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട് ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ സുരക്ഷാ പാളിച്ച

4516 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതീവ സുരക്ഷാമേഖലയായ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ വി.ഐ.പി. ഗേറ്റിൽകൂടി മദ്യപാന സംഘം കാർ ഇടിച്ചു കയറ്റിയതുമായി ബന്ധപ്പെട്ട് കേസ് എടുത്തിട്ടുണ്ടോ; ഏതൊക്കെ വകുപ്പുകൾ അനുസരിച്ചാണ് കേസ് ചാർജ് ചെയ്തത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാഹനത്തിൽ എത്ര പേരാണ് ഉണ്ടായിരുന്നത്; എത്ര പേർക്കെതിരെയാണ് കേസ് എടുത്തിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) കാർ ഇടിച്ചു കയറ്റിയതിന് ശേഷം കാറിലുള്ള രണ്ടു പേർ ഇറങ്ങി ഓടിയതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇവർ ആരാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വി.ഐ.പി. ഗേറ്റിൽ കൂടി യാത്ര ചെയ്യുന്നവരെ തിരിച്ചറിയുന്നതിന് അവിടെ സ്ഥാപിച്ചിട്ടുള്ള സ്കാനർ ക്യാമറ സംവിധാനം വഴി സാധിക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

കൊയിലാണ്ടി - ഓട്ടോ ഡ്രൈവറുടെ നേരെ
കൊലപാതക ശ്രമം

4517 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 27.10.2010 ന് ഓട്ടോ ഡ്രൈവർ ധർമ്മനെ കുറുവങ്ങാട് ഐ.റ്റി.ഐ. ബസ് സ്റ്റോപ്പിൽ വച്ച് കൊലപ്പെടുത്താൻ ശ്രമിച്ച സംഭവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ ഏതെങ്കിലും കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ; കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ;

(സി) ആർക്കാണ് ഈ കേസ്സിന്റെ അന്വേഷണ ചുമതല; അന്വേഷണത്തിന്റെ നാളിതുവരെയുള്ള പുരോഗതി വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം വകുപ്പുകളാണ് പ്രതികൾക്കെതിരെ ചേർത്തിട്ടുള്ളത്?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>പൊൻമുടി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം</u>

4518 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊൻമുടി പോലീസ് സ്റ്റേഷനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ദ്രുതകർമ്മ സേനയുടെ ഉദ്ദേശം</u>

4519 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദ്രുതകർമ്മ സേന രൂപീകരിച്ചതിന്റെ ഉദ്ദേശം എന്താണ്; വിശദമാക്കുമോ;

(ബി) ഇവ ഓരോ ജില്ലയിലും ആരുടെ നിയന്ത്രണത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) വീടുകൾ റെയിഡ് ചെയ്യുന്നതിന് ദ്രുതകർമ്മ സേനയെ ഉപയോഗപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

## പോലീസിലെ സീനിയോറിറ്റി നിർണ്ണയത്തിലെ അപാകതകൾ

4520 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് കോൺസ്റ്റബിൾമാരുടെ ജില്ലാതലത്തിലുള്ള സീനിയോറിറ്റി ഏത് ഉത്തരവ് പ്രകാരമാണ് നിർണ്ണയിക്കുന്നത് ;

(ബി) പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വന്നതിന് ശേഷവും നിയമ പ്രകാരം അല്ലാതെ സീനിയോരിറ്റി നിർണ്ണയം നടത്തി വന്നിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിയമപ്രകാരം അല്ലാതെ സീനിയോരിറ്റി നിർണ്ണയം നടത്തി വന്നിരുന്നത് കേരള ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ നിന്ന് ഡബ്ല്യൂ.പി (സി)17133/07 പ്രകാരംമുള്ള 12-03-2010 ലെ കോടതി വിധിയിൽ ആയത് തിരുത്തുവാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് ആയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നിയമപ്രകാരം അല്ലാതെ സീനിയോരിറ്റി നിർണ്ണയം നടത്തിയത് മൂലം സംസ്ഥാനത്തെ പതിനായിരത്തോളം പോലീസുകാർക്ക് അർഹമായ പ്രമോഷനുകൾ അർഹമായ സമയത്ത് ലഭിക്കാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പോലീസിലെ സീനിയോരിറ്റി നിർണ്ണയത്തിന് 1989ൽ പ്രാബല്യത്തിൽ വന്ന ഉത്തരവ് നിലനിൽക്കേ തെറ്റായ നിയമപ്രകാരം സീനിയോരിറ്റി നിർണ്ണയം നടത്തിയിരുന്നതുമൂലം മന്ത്രിമാരുടെ അംഗരക്ഷകൻമാരിൽ ചിലർ അനർഹമായി പ്രമോഷനുകൾ കരസ്ഥമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) തെറ്റായ രീതിയിൽ സീനിയോരിറ്റി നിർണ്ണയം നടത്തിയ ഉദ്യോഗസ്ഥർക്ക് എതിരെ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ;

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

(ജി) തെറ്റായ രീതിയിൽ സീനിയോരിറ്റി നിർണ്ണയം നടത്തിയത് നിമിത്തം അനർഹമായ പ്രമോഷനുകൾ കരസ്ഥമാക്കിയ മന്ത്രിമാരുടെ അംഗരക്ഷകരുടെ പ്രമോഷനുകൾ നിലനിർത്തുവാൻ നിയമം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എച്ച്) പോലീസിലെ സീനിയോരിറ്റി നിർണ്ണയത്തിലെ അപാകതകൾക്കെതിരെ കേരള ഹൈക്കോടതിയിൽ ഇപ്പോൾ എത്ര കേസുകൾ നിലവിലുണ്ട് ; അതിൽ സർക്കാർ സ്വീകരിക്കുന്ന നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ഗുരുവായൂർ ക്ഷേത്ര സുരക്ഷ</u>

4521 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്ര സുരക്ഷയെ സംബന്ധിച്ച് വിളിച്ചു ചേർത്ത 19.09.2011 ലെ യോഗം മാറ്റി വയ്ക്കാനിടയായ കാരണം വ്യക്തമാക്കുമോ;

(ബി) ഗുരുവായൂർ ക്ഷേത്രത്തിലേക്ക് ഭീഷണിക്കത്തയച്ച പ്രശ്നത്തിൽ തമിഴ്നാട് പോലീസിലെ ഒരു ഉദ്യോഗസ്ഥനെതിരെ ഉയർന്ന ആക്ഷേപം സംബന്ധിച്ച പോലീസ് നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) ഗുരുവായൂർ ക്ഷേത്ര സുരക്ഷാ ഏകോപനം സംബന്ധിച്ച് പോലീസിൽ ഉയർന്ന അഭിപ്രായ ഭിന്നത ഒരു പ്രമുഖ മലയാളം ദിനപത്രത്തിൽ വാർത്തയായി വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>മഞ്ചേരി പോലീസ് സ്റ്റേഷൻ അധികാരപരിധി</u>

4522 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ഡലങ്ങളുടെ പുനർനിർണ്ണയം കഴിഞ്ഞ സാഹചര്യത്തിൽ മഞ്ചേരി പോലീസ് സ്റ്റേഷൻ അധികാര പരിധി പുനർ നിർണ്ണയിക്കാൻ ഉദ്ദേശ്യമുണ്ടോ ;

(ബി) എങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ചെമ്മണ്ണ്, മെറ്റൽ എന്നിവ കൊണ്ടുവരുന്ന വാഹനങ്ങളുടെ പരിശോധന</u>

4523 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെമ്മണ്ണ്, മെറ്റൽ എന്നിവ കൊണ്ടുവരുന്ന വാഹനങ്ങൾ വഴിയിൽ തടയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1A6412/11/INWP(C)7390/2011 പ്രകാരം മണലിനു മാത്രം സ്റ്റേ ഉത്തരവ് പരിമിതമാക്കിയിട്ടും 28.01.2011 -ലെ സഉ (സാധ)297/2011 നടപ്പിലാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(സി) പുഴമണൽ ഒഴികെയുള്ളവ റോഡിൽ തടഞ്ഞുനിർത്തി പരിശോധിക്കുന്ന നടപടി അവസാനിപ്പിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

അങ്കമാലിയിൽ ട്രാഫിക് സംവിധാനം മെച്ചപ്പെടുത്താൻ നടപടികൾ

4524 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി ട്രാഫിക് സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>സാമ്പത്തിക തട്ടിപ്പ് കേസ്സുകളിൽപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ</u>

4525 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടന്ന സാമ്പത്തിക തട്ടിപ്പ് കേസ്സുകളിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട എത്രപേർക്കെതിരെ വകുപ്പ്തല നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം തസ്തികയിലുള്ള ഏതൊക്കെ പോലീസ് ഉദ്യോഗസ്ഥരാണ് കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ളതും, വകുപ്പ്തല നടപടികൾക്ക് വിധേയമായിട്ടുള്ളതുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

കണ്ണൂര്‍ എ.ആര്‍. ക്യാമ്പിലെ ക്വാര്‍ട്ടേഴ്സുകള്‍

4526 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ എ.ആര്‍. ക്യാമ്പില്‍ പുതുതായി എത്ര ക്വാര്‍ട്ടേഴ്സാണ് നിര്‍മ്മിച്ചിട്ടുളളത്; ആയത് അലോട്ട് ചെയ്തു തുടങ്ങിയോ;

(ബി) ക്വാര്‍ട്ടേഴ്സ് അലോട്ട് ചെയ്യുന്നതിനുളള മാനദണ്ഡം വ്യക്തമാക്കാമോ;

(സി) പുതുതായി നിര്‍മ്മിച്ച ക്വാര്‍ട്ടേഴ്സ്, ഓഫീസേഴ്സ് ക്വാര്‍ട്ടേഴ്സാണോ അതോ സബോര്‍ഡിനേറ്റ് ക്വാര്‍ട്ടേഴ്സാണോ എന്ന് അറിയിക്കുമോ;

(ഡി) ക്വാര്‍ട്ടേഴ്സ് അനുവദിച്ചുകിട്ടുന്നതിനായി നല്കിയ എത്ര അപേക്ഷകളില്‍ ക്വാര്‍ട്ടേഴ്സ് അനുവദിക്കാതെ ഉണ്ട്;

(ഇ) അപേക്ഷകളുടെ സീനിയോറിറ്റി മറികടന്ന് ഓഫീസര്‍മാര്‍ക്ക് ക്വാര്‍ട്ടേഴ്സ് അനുവദിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ അറിയിക്കാമോ; മാനദണ്ഡം മറികടന്ന് ക്വാര്‍ട്ടേഴ്സ് അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>നാദാപുരം നിയോജകമണ്ഡലത്തിലെ കേസുകളുടെ വിശദാംശം</u>

4527 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം എത്ര ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ വിവിധ പോലീസ് സ്റ്റേഷൻ പരിധിക്കുള്ളിൽ കണ്ടെത്തിയ സ്ഫോടനശേഖരങ്ങളുടെ എണ്ണം വ്യക്തമാക്കാമോ ;

(സി) ആയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) നിരന്തരം അക്രമസംഭവങ്ങൾ ഉണ്ടാകുന്ന നാദാപുരത്ത്, പോലീസ് സേനയ്ക്ക് തകർന്ന റോഡുകളിലൂടെ യഥാസമയം എത്തിച്ചേരാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ആയതിന് പരിഹാര നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിലെ മയിലാടുംകുന്ന് കരിങ്കൽ ക്വാറിയിലെ സംഘട്ടനം</u>

4528 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കടങ്ങോട് ഗ്രാമപഞ്ചായത്തിൽപ്പെട്ട മയിലാടുംകുന്ന് കരിങ്കൽ ക്വാറിയിൽ സംഘട്ടനം നടന്നതു സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) പ്രസ്തുത സംഘട്ടനത്തിന് അടിസ്ഥാനമായ കാരണം എന്താണ് ;

(സി) ഇത് സംബന്ധിച്ച് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ;

(ഡി) പ്രസ്തുത കരിങ്കൽ ക്വാറിക്ക് പ്രവർത്തിക്കാൻ എക്സ്പ്ലോസീവ് ലൈസൻസും പൊല്യൂഷൻ കൺട്രോൾ ബോർഡ്, മൈനിംങ്ങ് ആന്റ് ജിയോളജി വകുപ്പ്, ഗ്രാമപഞ്ചായത്ത് എന്നിവയിൽ നിന്ന് ലൈസൻസ്/അനുമതിപത്രവും ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആർക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) അനുമതി ഇല്ലാതെയാണ് ക്വാറി പ്രവർത്തിച്ചത് എങ്കിൽ ഉത്തരവാദപ്പെട്ടവരുടെ പേരിൽ എടുത്ത നടപടി എന്താണ് ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>വനിതാ സെല്ലിലെ നിയമനങ്ങൾ</u>

4529 ശ്രീ. ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാസെല്ലിൽ ഇപ്പോൾ എത്ര വനിതാ പോലീസുകാരുടെ സ്ഥിരനിയമനം ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) സ്ഥിരം നിയമനത്തിൽ ഇപ്പോൾ ആരൊക്കെയാണ് ജോലി നോക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇപ്പോൾ ജോലി ചെയ്യുന്നവർ എന്നു മുതൽ പ്രസ്തുത ഓഫീസിൽ ജോലിയിൽ പ്രവേശിച്ചു; എത്രവർഷം കൊണ്ട് അവർ പ്രസ്തുത ഓഫീസിൽ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ഡിജി.ഒ നമ്പർ 1162 തീയതി 20.8.2011 പ്രകാരം സംസ്ഥാന വനിതാ സെല്ലിൽ നിന്നും ആരെയാണ് സ്ഥലം മാറ്റിയത്; ഏത് സ്ഥലത്തേയ്ക്കാണ് സ്ഥലമാറ്റം നല്കിയത് എന്ന് വ്യക്തമാക്കാമോ; സ്ഥലം മാറ്റിയ ആളിനു പകരം ഏതു ജില്ലയിലുള്ള ഏത് ജീവനക്കാരിയ്ക്കാണ് നിയമന ഉത്തരവ് നല്കിയത്; അതുപ്രകാരം പുതിയ ആൾ ജോലിയിൽ പ്രവേശിച്ചോ:

(ഡി) ഡി.ജി.ഒ നം.1202 തീയതി 22.8.2011 പ്രകാരം സംസ്ഥാന വനിതസെല്ലിൽ നിന്ന് ആരെയാണ് സ്ഥലം മാറ്റിയത്; പകരം ആരെയാണ് നിയമിച്ചത്; ഏത് സ്റ്റേഷനിലുള്ള ആളാണ് സംസ്ഥാന വനിതാസെല്ലിലേക്ക് സ്ഥലം മാറി വന്നത്; പേര് വെളിപ്പെടുത്തുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം സംസ്ഥാന വനിതാസെല്ലിൽ നിന്ന് ആരെയൊക്കെ ഏതൊക്കെ ഡി.ജി.ഒ പ്രകാരം സ്ഥലംമാറ്റി; പകരം ആർക്കൊക്കെയാണ് സ്ഥിര നിയമനം നല്കിയത്; അതിന്റെ വിശദവിവരം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ശ്രീ. ബാലകൃഷ്ണപിള്ള ഫോണിൽ ബന്ധപ്പെട്ടവരുടെ വിശദാംശങ്ങൾ</u>

4530 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാളകത്തെ സ്കൂൾ അദ്ധ്യാപകൻ കൃഷ്ണകുമാർ ആക്രമിക്കപ്പെട്ട ദിവസമോ അടുത്ത ദിവസങ്ങളിലോ, തടവിൽ കഴിയുന്ന മുൻമന്ത്രി ആർ. ബാലകൃഷ്ണപിള്ളയുടെ സ്വന്തം ഫോണിൽ നിന്നോ ആശുപത്രിയിലെ ലാൻഡ് ഫോണിൽ നിന്നോ മുഖ്യമന്ത്രിയുടെയോ മന്ത്രിമാരുടെയോ അവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെയോ ഔദ്യോഗികമോ, പേഴ്സണലോ ആയ ഫോണുകളിലേയ്ക്ക് വിളിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെയെല്ലാം ഫോണിൽ എത്ര തവണ വിളിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) തടവിൽ കഴിയുന്ന ശ്രീ. ബാലകൃഷ്ണപിള്ളയെ മന്ത്രിമാരോ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങളോ സന്ദർശിക്കുകയുണ്ടായോ; എങ്കിൽ ആരൊക്കെ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>ശ്രീ. ബാലകൃഷ്ണപിള്ളയുടെ അസുഖവിവരങ്ങൾ</u>

4531 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ ഒരു സാധാരണ പൗരനു നൽകുന്ന അധികാര അവകാശങ്ങൾക്കപ്പുറം മുൻമന്ത്രിയും, ഇപ്പോഴത്തെ മന്ത്രിയുടെ പിതാവുമായ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് എന്തെങ്കിലും പ്രത്യേക പരിഗണന ഭരണഘടനാപരമായി അനുവദിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പരമോന്നത നീതിപീഠമായ സുപ്രീംകോടതിയുടെ വിധിയെ കാറ്റിൽപ്പറത്തികൊണ്ട് അപൂർവ്വരോഗമെന്ന പേരിൽ സമിതി ചികിത്സാ കേന്ദ്രങ്ങളിൽ തടവു പ്രതിയെ താമസിപ്പിക്കുന്നതു നിയമവ്യവസ്ഥയെ വെല്ലുവിളിക്കുന്നതിനു തുല്യമാണെന്ന ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശ്രീ. ബാലകൃഷ്ണപിള്ളയുടെ അസുഖവിവരങ്ങൾ ലഭ്യമാക്കുമോ; ഇത് സ്ഥിരീകരിച്ചത് ഏതു ഡോക്ടറാണ്; ഇതിനുള്ള ഏറ്റവും ഫലപ്രദമായ ചികിത്സ മെഡിക്കൽ കോളേജുകളിൽ ലഭ്യമാണോ; ഇത്തരത്തിലെ രോഗികളായ മറ്റു തടവുപുള്ളികൾക്ക് ഈ കാലയളവിൽ ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) തടവുപുള്ളികളിൽപെട്ടവർക്ക് ഒരേ രോഗത്തിന് ചികിത്സ നൽകുന്നതിൽ വേർതിരിവ് കാണിച്ചിട്ടില്ലെന്ന് ഉറപ്പു പറയുവാൻ സാധിക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>അനധികൃത മണൽകടത്തിന് കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ</u>

4532 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് മണൽ കൊണ്ടുവരുന്നതിന് ഇപ്പോൾ അനുമതി നൽകുന്നുണ്ടോ;

(ബി) അനധികൃതമായി മണൽ കടത്തിയതിന് എത്ര വാഹനങ്ങൾ ഇപ്പോൾ കസ്റ്റഡിയിലെടുത്തിട്ടുണ്ട്;

(സി) ഇത്തരം വാഹനങ്ങൾ, നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കാലതാമസം വരുന്നതുകൊണ്ട് നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം വാഹനങ്ങൾ നശിക്കുന്നത് ഒരു പൊതുനഷ്ടമായി കണക്കാക്കി തത്തുല്യമായ ബോണ്ടിന്റെ അടിസ്ഥാനത്തിൽ വിട്ടുകൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

## കൂത്തുപറമ്പ് വെടിവെയ്പ്

4533 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
,, പി. ശ്രീരാമകൃഷ്ണന്‍
,, ജെയിംസ് മാത്യു
,, സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൂത്തുപറമ്പ് വെടിവയ്പ് സംബന്ധിച്ച കണ്ണൂര്‍ ഡി.സി.സി. പ്രസിഡന്റിന്റെ പുതിയ വെളിപ്പെടുത്തലുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തില്‍ മുന്‍മന്ത്രിമാര്‍ നടത്തിയതായി പറയുന്ന ഗൂഢാലോചനയെക്കുറിച്ചുള്ള വെളിപ്പെടുത്തലുകളുടെ പശ്ചാത്തലത്തില്‍, കുറ്റവാളികള്‍ക്കെതിരെ നിയമനടപടികള്‍ സ്വീകരിക്കാന്‍ തയ്യാറാകുമോ;

(സി) ഈ വെളിപ്പെടുത്തലുകളില്‍ നിന്നും മറ്റെന്തെല്ലാം സംഭവങ്ങളുടെ പിന്നില്‍ നടന്ന ഗൂഢാലോചനകളാണ് പുറത്തുവന്നിട്ടുള്ളതെന്ന് പരിശോധിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

മഅ്ദനിക്കെതിരെ മനുഷ്യാവകാശ ലംഘനം

4534 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീ. അബ്ദുൾനാസർ മഅ്ദനിയെ കൊല്ലം മൈനാഗപ്പള്ളിയിൽ നിന്ന് അറസ്റ്റ് ചെയ്തത് എന്നാണ് ;

(ബി) മഅ്ദനിക്കെതിരെ മനുഷ്യാവകാശ ലംഘനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അറസ്റ്റിന് ശേഷം മഅ്ദനിയോ കുടുംബാംഗങ്ങളോ സഹായത്തിനായി സമീപിച്ചിട്ടുണ്ടോ ;

(ഡി) മഅ്ദനിക്ക് ജാമ്യം ലഭിക്കുന്നതിന് സഹായം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>പോലീസുകാരുടെ ഒഴിവുകൾ</u>

4535 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ വിവിധ വിഭാഗങ്ങളിൽ പോലീസുകാരുടെ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ ;

(ബി) പോലീസുകാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) 2012 മാർച്ച് 31-ലെ വിരമിക്കൽ മുൻകൂട്ടി കണക്കിലെടുത്ത് പോലിസ് സേനയിലെ റിക്രൂട്ട്മെന്റ് നടപടികൾ ത്വരിതപ്പെടുത്തുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>പോലീസ് നവീകരണം</u>

4536 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) വനിതാ പോലീസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി കൂടുതൽ പേരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

ക്രൈം നമ്പർ 1021/10 കേസിന്റെ
അന്വേഷണ പുരോഗതി

4537 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ കൊല്ലം പിഷാരിക്കാവ് ക്ഷേത്ര പരിസരത്ത് വെച്ച് പത്രവിതരണക്കാരനായ ശ്രീ. പത്മനാഭനെ കൊലപ്പെടുത്താൻ ശ്രമിച്ചത് സംബന്ധിച്ച് കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ ചാർജ് ചെയ്ത കേസിൽ പ്രതികളാരാണ് എന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടോ; ഈ കേസിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ;

(ബി) അന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥൻ ഈ കേസിൽ ഇത് വരെ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; എത്ര പേരിൽ നിന്ന് മൊഴിയെടുത്തു;

(സി) പ്രതികൾക്കെതിരെ ചാർജ് ചെയ്തിരിക്കുന്ന വകുപ്പുകൾ ഏതെല്ലാം എന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ജയിലുകളിൽ ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്നവരുടെ വിദാംശം</u>

4538 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ ജീവപര്യന്തം തടവു ശിക്ഷ അനുഭവിക്കുന്ന എത്ര തടവുകാരാണുള്ളത് ;

(ബി) ഇവരിൽ പത്തു വർഷം പൂർത്തികരിച്ചവർ എത്ര പേരുണ്ട് ;

(സി) പത്തു വർഷത്തിലധികം തടവുശിക്ഷ അനുഭവിച്ചിട്ടുള്ളവരെ വിട്ടയയ്ക്കുവാനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

ഓരോ ജില്ലയ്ക്ക് ഓരോ പോലീസ് സൂപ്രണ്ട്

4539 ശ്രീ. റ്റി. എ അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിനു കീഴിലെ വിജിലൻസ്, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച്, ക്രൈം ബ്രാഞ്ച് എന്നീ വിഭാഗങ്ങളിൽ ഒന്നിലേറെ ജില്ലകളുടെ ചുമതല ഒരു ജില്ലാ പോലീസ് സൂപ്രണ്ടിനു നൽകിയിരിക്കുന്ന രീതി സൂപ്പർവൈസറി ഇഫക്ടീവ്നസ്സിന് അനുയോജ്യമല്ലെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ പുനർചിന്തനം നടത്തി ഓരോ ജില്ലയ്ക്ക് ഓരോ പോലീസ് സൂപ്രണ്ടിനെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് മേനങ്കോട് മദ്രസയിലെ വിദ്യാർത്ഥികളെ പീഡിപ്പിച്ച സംഭവം</u>

4540 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചെങ്കള മേനങ്കോട് ജുമാമസ്ജിദ് മദ്രസയിലെ 6, 7, 8 ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ പീഡിപ്പിച്ചത് സംബന്ധിച്ച് ചൈൽഡ് ലൈൻ ഡയറക്ടറുടെ പരാതിയുടെ അടിസ്ഥാനത്തിൽ കേസ്സ് എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ കേസ്സ് നമ്പറും ആരൊക്കെയാണ് പ്രതികൾ എന്നും അറിയിക്കാമോ;

(സി) പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഇത്തരത്തിലുള്ള സംഭവങ്ങൾ വ്യാപകമായി ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കായംകുളം തിരുവല്ല റോഡിൽ സ്പീഡ് ബ്രേക്കറും</u>
<u>സ്ഥിരം പോലീസ് എയ്ഡ്പോസ്റ്റും</u>

4541 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ചെട്ടിക്കുളങ്ങര ദേവീക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിൽ കായംകുളം-തിരുവല്ല റോഡിൽ, ദിനം പ്രതിയുണ്ടാകുന്ന വാഹന അപകടങ്ങൾ ഒഴിവാക്കാനായി സ്പീഡ് ബ്രേക്കർ സ്ഥാപിക്കുന്നതിന് മരാമത്ത് വകുപ്പിന് നിർദ്ദേശം നൽകുകയും ഒരു സ്ഥിരം പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>പോലീസ് ഡ്യൂട്ടി സമയം 8 മണിക്കൂറായി നിജപ്പെടുത്തുവാൻ നടപടി</u>

4542

ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി നടപ്പിലാക്കിയിട്ടുണ്ട്;

(ബി) എട്ടു മണിക്കൂർ ഡ്യൂട്ടി നടപ്പിലാക്കാത്ത പോലീസ് സ്റ്റേഷനുകളിൽ അതു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എന്ന് ഈ നടപടി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ</u>

4543 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ അനുവദിച്ചതിനെ തുടർന്നുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത ടെമ്പിൾ സ്റ്റേഷൻ വരുന്നതോടെ ഗുരുവായൂർ നഗരസഭയിലെ മറ്റ് പ്രദേശങ്ങൾ ഏതു പോലീസ് സ്റ്റേഷൻ പരിധിയിലാണ് ഉൾപ്പെടുത്തുന്നത് ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>തിരുവമ്പാടി പോലീസ് സ്റ്റേഷൻ കെട്ടിടം</u>

4544 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി പോലീസ് സ്റ്റേഷൻ കെട്ടിടത്തോടനുബന്ധിച്ച് എന്തൊക്കെ അറ്റകുറ്റപ്പണികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ; എന്നാണ് അനുമതി നൽകിയത് ;

(ബി) പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കാനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ചെറുവത്തൂർ കേന്ദ്രീകരിച്ച് പോലീസ് സ്റ്റേഷൻ</u>

4545 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ കേന്ദ്രീകരിച്ച് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

കാസര്‍ഗോഡ് കെ.എ.പി 4-ാം ബറ്റാലിയന് ഡിറ്റാച്ച്മെന്റ് യൂണിറ്റ്

4546 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയിലെ പെരിയ വില്ലേജില്‍ കെ. എ. പി. 4-ാം ബറ്റാലിയന് ഡിറ്റാച്ച്മെന്റ് യുണിറ്റ് സ്ഥാപിക്കാന്‍ സ്ഥലം നല്‍കിയിട്ടുണ്ടോ ;

(ബി) എങ്കില്‍ എത്ര ഏക്കര്‍ ഭൂമിയാണ് കൈമാറിതന്നിട്ടുള്ളതെന്നും എപ്പോഴാണ് നല്‍കിയിട്ടുള്ളതെന്നും അറിയിക്കാമോ ;

(സി) വിട്ടു കിട്ടിയ സ്ഥലത്ത് മേല്‍ യൂണിറ്റ് സ്ഥാപിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>സിസ്റ്റർ ആൻസിയുടെ അസ്വാഭാവിക മരണം</u>

4547 ശ്രീ.ജോസ് തെറ്റയിൽ
ശ്രീമതി ജമീലാപ്രകാശം

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

പൂങ്കുളം ഹോളിക്രോസ് കോൺവെന്റിലെ സിസ്റ്റർ ആൻസിയുടെ അസ്വാഭാവിക മരണത്തിൽ ദുരൂഹതകൾ ഉണ്ടെന്നും അതിനെകുറിച്ച് അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പിതാവ് നൽകിയ പരാതിയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>വാളകം സ്കൂൾ അദ്ധ്യാപകൻ ആക്രമിക്കപ്പെട്ട സംഭവം</u>

4548 ശ്രീ. എ. കെ. ബാലൻ
,, എം. എ. ബേബി
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാളകം സ്കൂൾ അദ്ധ്യാപകൻ കൃഷ്ണകുമാറിന് നേരെ നടന്ന ആക്രമണം സംബന്ധിച്ച കേസന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ആശുപത്രിയിൽ അത്യാസന്ന നിലയിൽ കഴിയുന്ന അദ്ധ്യാപകൻ അന്വേഷണത്തിൽ സഹകരിക്കുന്നില്ലെന്ന വിവരം ലഭിച്ചതെവിടെ നിന്നാണ്;

(സി) എത്ര പ്രതികളെ ഇതിനകം അറസ്റ്റു ചെയ്തിട്ടുണ്ട്; എത്ര പേരെ ചോദ്യം ചെയ്യുകയുണ്ടായി; സ്കൂൾ മാനേജരിൽ നിന്ന് മൊഴിയെടുത്തിട്ടുണ്ടോ; സ്കൂൾ മാനേജർ സംഭവം നടന്ന കാലയളവിൽ നടത്തിയ ഫോൺവിളികൾ അന്വേഷണത്തിന്റെ ഭാഗമാക്കിയിട്ടുണ്ടോ; മാനേജർ ഫോണിൽ വിളിച്ച എത്രപേരിൽ നിന്ന് തെളിവെടുത്തിട്ടുണ്ട്;

(ഡി) കേസിന്റെ തെളിവ് നശിപ്പിക്കുന്നതിനായി സ്കൂൾ മാനേജർ ഉന്നതരായ ഭരണകർത്താക്കളുമായി ഇടപെടുകയുണ്ടായോ എന്ന് അന്വേഷിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ശ്രീ. ബാലകൃഷ്ണപിള്ളയ്ക്ക് ജയിൽവാസത്തിൽ അനുവദിച്ച ആനുകൂല്യങ്ങൾ</u>

4549 ശ്രീ. പി.കെ. ഗുരുദാസൻ
'' സാജു പോൾ
'' എം. ഹംസ
'' പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ ജിയിലിൽ തടവിൽ കഴിയുന്ന ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ ശിക്ഷാകാലാവധി എത്രയാണ്; ഏത് വിധിപ്രകാരമാണദ്ദേഹം ശിക്ഷിക്കപ്പെട്ടത്; എന്നാണ് അദ്ദേഹം ജിയിലിൽ പ്രവേശിക്കപ്പെട്ടത്; ഇതിനകം എത്ര ദിവസം പരോളിൽ ഇറങ്ങി; പരോൾ അനുവദിക്കുന്നതിനായി സർക്കാർ എത്ര തവണ ഉത്തരവ് നൽകുകയുണ്ടായി;

(ബി) സാധാരണ തടവുകാരനിൽ നിന്ന് വ്യത്യസ്തമായി ഇദ്ദേഹത്തിന് ജയിൽവാസത്തിൽ അനുവദിച്ച ആനുകൂല്യങ്ങളും ഇളവുകളും എന്തൊക്കെയാണ്;

(സി) ചികിത്സാർത്ഥം തടവ് എവിടേക്കാണ് മാറ്റിയത്; സർക്കാർ ആശുപത്രികളിൽ സൗകര്യമില്ലാത്തതുകൊണ്ടാണോ പ്രൈവറ്റ് ആശുപത്രിയിലേക്ക് മാറ്റിയത്;

(ഡി) ചികിത്സയ്ക്ക് സ്വകാര്യ ആശുപത്രിയിൽ കഴിയുമ്പോഴോ പരോളിൽ ഇറങ്ങിയപ്പോഴോ ജയിൽ നിയമങ്ങളുടെയോ ചട്ടങ്ങളുടേയോ ഏതെങ്കിലും നിലയിലുള്ള ലംഘനം ബാലകൃഷ്ണപിള്ള നടത്തുകയുണ്ടായോ;

(ഇ) ഇതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; കണ്ടെത്തിയ കുറ്റം എന്തായിരുന്നു;

(എഫ്) എന്ത് ശിക്ഷ നൽകുകയുണ്ടായി; ഏത് വ്യവസ്ഥ പ്രകാരമാണ് ശിക്ഷ നൽകിയത്; ശിക്ഷാകാലാവധി കഴിയുന്നത് എന്നാണ്?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>പൊതുജന പരിഹാര സെൽ</u>

4550 ശ്രീ. ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ
,, പാലോട് രവി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും അവയുടെ നടപടികൾക്കുമായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി എന്നു വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സംവിധാനങ്ങൾ വിപുലമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

100 ദിന കര്‍മ്മ പരിപാടിയില്‍ ഫയലുകള്‍ തീര്‍പ്പാക്കുന്നതിന് നടപടി

4551 ശ്രീ.ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിവിധ വകുപ്പുകളിലായി എത്ര ഫയലുകളാണ് 100 -ദിന കര്‍മ്മപരിപാടിയില്‍ ഉള്‍പ്പെടുത്തി തീര്‍പ്പുകല്‍പ്പിച്ചിട്ടുള്ളത് ;

(ബി) ഇനി എത്ര ഫയലുകളില്‍ തീര്‍പ്പുകല്‍പ്പിക്കാനുണ്ട് ; അവ എന്നത്തേയ്ക്ക് തീര്‍പ്പാക്കാന്‍ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>നൂറ് ദിന കർമ്മ പരിപാടി</u>

4552 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകി, നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിവിധ വകുപ്പുകളിലായി നിർമ്മാണത്തിലിരുന്ന എത്ര പ്രവൃത്തികളാണ് ഈ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഉദ്ഘാടനം ചെയ്തിട്ടുള്ളത്;

(ബി) ഇവയുടെ ജില്ലാ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സർക്കാരിന്റെ സമയത്ത് ഭരണാനുമതി നൽകി പൂർത്തിയാക്കിയ പ്രവൃത്തികൾ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് ടൗൺ, വിദ്യാനഗർ പരിധികളിലെ അക്രമസംഭവങ്ങൾ</u>

4553 ശ്രീ.എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ടൗൺ, വിദ്യാനഗർ എന്നീ പോലീസ് സ്റ്റേഷൻ പരിധികളിലെ കടകൾക്കും, വീടുകൾക്കും, വാഹനങ്ങൾക്കും, ആരാധനാലയങ്ങൾക്കും, ക്ലബ്ബുകൾക്കും, വായനശാലകൾക്കും നേരെ നടന്ന തീവെയ്പടക്കമുള്ള അക്രമങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത കേസ്സുകളിൽ ഒരു പ്രതിയെപ്പോലും അറസ്റ്റ് ചെയ്യാത്ത കേസ്സുകൾ ഏതൊക്കെയാണ് ;

(സി) ഈ കേസ്സുകളുടെ ക്രൈം നമ്പർ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>പിൻവലിച്ച ക്രിമിനൽ കേസുകൾ</u>

4554 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ക്രിമിനൽ കേസുകൾ പിൻവലിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത കേസുകളുടെ നമ്പറുകൾ, അതിൽ ആരൊക്കെയാണ് പ്രതികൾ എന്നിവ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

വെമ്പായം-കിളിമാനൂർ അപകടമേഖലയിൽ
സ്പീഡ് നിയന്ത്രണം

4555 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡിൽ വെമ്പായത്തിനും കിളിമാനൂരിനും മദ്ധ്യേ 2005 മുതൽ നാളിതുവരെ എത്ര വാഹനാപകടങ്ങൾ സംഭവിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത അപകടങ്ങളിൽ ഇക്കാലയളവിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ട്;

(സി) പ്രസ്തുത റോഡിൽ ഏറ്റവും കൂടുതൽ അപകടമരണം സംഭവിച്ചിട്ടുള്ള കീഴായിക്കോണം, അമ്പലംമുക്ക് ഭാഗങ്ങളിൽ സ്പീഡ് നിയന്ത്രിക്കുന്നതിന് ബാരിക്കേഡുകളോ മറ്റ് സംവിധാനങ്ങളോ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

റോഡപകടങ്ങളിൽ ജീവഹാനിയും പരിക്കും സംഭവിച്ചവരുടെ കണക്ക്

4556 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലരാമപുരം വഴിമുക്കിനും പാറശ്ശാലയ്ക്കും ഇടയിൽ ദേശീയപാതയിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയ്ക്ക് റോഡപകടങ്ങളിൽ ജീവഹാനി സംഭവിക്കുകയും പരിക്കേൽക്കുകയും ചെയ്തവരുടെ കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേഖലയിലെ അപകടങ്ങൾ ഒഴിവാക്കുവാൻ ഏതെല്ലാം നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ കുടുംബകോടതി</u>

4557

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കേന്ദ്രമാക്കി കുടുംബകോടതി ആരംഭിക്കുന്നതിന് ഹൈക്കോടതി അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആറ്റിങ്ങൽ കോടതിയോടനുബന്ധിച്ച് കുടുംബകോടതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നെടുമങ്ങാട്, ചിറയിൻകീഴ് താലൂക്കുകളിലെ 3000 ത്തോളം കേസുകൾ നെടുമങ്ങാട് കുടുംബകോടതിയിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആറ്റിങ്ങൽ കോടതിയോടനുബന്ധിച്ച് പുതിയ കെട്ടിടം നിർമ്മിക്കാൻ അനുമതി ലഭിച്ചിട്ടുണ്ടോ; എത്ര രൂപയാണ് ഇതിലേയ്ക്ക് നീക്കിവച്ചിട്ടുള്ളത്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ഹൈക്കോടതി സ്റ്റേ ചെയ്ത സര്‍ക്കാര്‍ ഉത്തരവുകള്‍</u>

4558 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം സര്‍ക്കാര്‍ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ;

(ബി) എങ്കില്‍ ഏതെല്ലാം വകുപ്പില്‍ നിന്നുള്ള ഏതെല്ലാം ഉത്തരവുകളാണ് കോടതി സ്റ്റേ ചെയ്യുകയോ റദ്ദാക്കുകയോ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ബ്ലോക്ക് തലത്തിൽ ഗ്രാമീണ കോടതികൾ</u>

4559 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ബ്ലോക്ക് തലത്തിൽ ഗ്രാമീണ കോടതികൾ സ്ഥാപിക്കുവാൻ നടപടികൾ ആരംഭിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബ്ലോക്ക് തലത്തിൽ കോടതികൾ സ്ഥാപിക്കുന്നതിന് ഈ സർക്കാർ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) നീതിന്യായനിർവ്വഹണം ഗ്രാമീണതലത്തിൽ എത്തിക്കുന്നതിനും കേസുകളുടെ തീർപ്പിലുള്ള കാലതാമസം ഒഴിവാക്കുന്നതിനും ബ്ലോക്ക്തല കോടതികൾ സ്ഥാപിക്കുവാൻ തുടർനടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കോടതി ഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച</u>
<u>കമ്മീഷന്‍ റിപ്പോര്‍ട്ട്</u>

4560 ശ്രീ. എ. കെ. ശശീന്ദ്രന്‍
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോടതി ഭാഷ മലയാളമാക്കുന്നതുസംബന്ധിച്ച ജസ്റ്റീസ് കെ. കെ. നരേന്ദ്രന്‍ കമ്മിഷന്‍ ശുപാര്‍ശകള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കുറച്ചുപേര്‍ക്ക്മാത്രം അറിയുന്ന ഭാഷയില്‍ കോടതി നടപടികള്‍ നടക്കുമ്പോള്‍ അറിയാനുള്ള അവകാശം നിഷേധിക്കപ്പെടുകയാണെന്നുള്ള കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ശുപാര്‍ശകള്‍ അടിയന്തിരമായി നടപ്പിലാക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>കൊട്ടാരക്കരയിൽ റൂറൽ എസ്.പി. ഓഫീസ്</u>

4561 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിലെ റൂറൽ എസ്.പി. ഓഫീസ് വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റൂറൽ എസ്.പി ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>കോടതികളും ട്രൈബ്യൂണലുകളും</u>

4562 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കോടതികൾക്കു പുറമെ സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം കോടതികളും ട്രൈബ്യൂണലുകളും പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) കോടതികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പഴക്കം ചെന്നതും വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമായ കോടതികൾക്ക് സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) പൊതുജന സൗകര്യാർത്ഥം കാര്യക്ഷമമായ ജുഡീഷ്യറി സംവിധാനം ഏർപ്പെടുത്തുന്നതിന് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കോർട്ട് കോംപ്ലക്സുകൾ പണിയുന്നതിനുള്ള പദ്ധതി നടപ്പാക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>സായാഹ്ന കോടതികൾ</u>

4563

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സായാഹ്ന കോടതികൾ എന്നുമുതലാണ് പ്രവർത്തനമാരംഭിച്ചത്;

(ബി) ഇവയുടെ പ്രവർത്തന സമയം വ്യക്തമാക്കുമോ; കേസിന്റെ ബാഹുല്യം മൂലം ബുദ്ധിമുട്ടുന്ന മജിസ്ട്രേറ്റ് കോടതികൾക്ക് സായാഹ്ന കോടതികളുടെ പ്രവർത്തനം ആശ്വാസകരമാകുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>വിവരാവകാശ കമ്മീഷന്റെ ഘടന</u>

4564

ശ്രീ. സി. മമ്മൂട്ടി
,, എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമം നടപ്പാക്കുന്ന സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഘടനയും അതിന്റെ പ്രവർത്തനവും വിശദമാക്കുമോ;

(ബി) കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ഇതുവരെ പ്രതിവർഷം ചെലവഴിച്ച തുക എത്രയെന്നും, നിലവിലെ കമ്മീഷണർമാരുടെ പ്രതിമാസ ശമ്പളം, അലവൻസുകൾ എന്നിവ എത്രയെന്നുമുള്ള വിശദവിവരവും നൽകാമോ;

(സി) നിയമം അനുശാസിക്കുന്ന വിധത്തിലുള്ള വിവരങ്ങളോ രേഖകളോ നൽകാത്ത എത്ര രണ്ടാം അപ്പീൽ പെറ്റീഷനുകളിന്മേൽ പരാതിക്കാർക്കനുകൂലമായ തീർപ്പുകൾ ഉണ്ടായിട്ടുണ്ട്; എത്ര കേസുകളിൽ എത്ര തുക വീതം പിഴ ചുമത്താൻ തീരുമാനിച്ചിട്ടുണ്ട്; എന്തു തുക പ്രസ്തുത ഇനത്തിൽ ഈടാക്കിയിട്ടുണ്ട് ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കാഞ്ഞിരപ്പള്ളി ഫയര്‍ സ്റ്റേഷന്‍ മാറ്റി സ്ഥാപിക്കാന്‍ നടപടി</u>

4565 ഡോ. എന്‍. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിലവില്‍ പരിമിത സൗകര്യങ്ങള്‍ മാത്രമുള്ള കാഞ്ഞിരപ്പള്ളിയിലെ ഫയര്‍ സ്റ്റേഷന്‍, വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ളതും ഉപയോഗമില്ലാതെ കിടക്കുന്നതുമായ സ്ഥലം ഏറ്റെടുത്ത് അവിടേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എങ്കില്‍ ഇതിനായുള്ള നടപടിക്രമങ്ങള്‍ എന്ന് ആരംഭിക്കുവാന്‍ സാധിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ ഫയർസ്റ്റേഷൻ</u>

4566 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഫയർ സ്റ്റേഷനുകൾ നിലവിലുണ്ട്;

(ബി) ഫയർ സ്റ്റേഷൻ ഇല്ലാത്ത നിയമസഭാ മണ്ഡലങ്ങൾ ഏതൊക്കെയാണ്;

(സി) കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കൊട്ടാരക്കര അഗ്നിശമന കേന്ദ്രത്തിലെ</u>
<u>അടിസ്ഥാന സൗകര്യങ്ങൾ</u>

4567 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിലെ അഗ്നിശമന കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അഗ്നിശമന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും രക്ഷാ ഉപകരണങ്ങളുടെ ലഭ്യതയ്ക്കുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>പൊന്നാനി ഫയർ സ്റ്റേഷനിലെ ജീവനക്കാരുടെ കുറവ്</u>

4568

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി ഫയർ സ്റ്റേഷനിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്ര ഫയർമാൻ തസ്തികകളാണ് അവിടെയുള്ളത്;

(സി) ഫയർമാൻമാരുടെ കുറവ് പരിഹരിക്കാൻ താൽക്കാലികമായി ഹോംഗാർഡുകളെ പോസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ ഹോംഗാർഡുകളെ എന്ന് പോസ്റ്റ് ചെയ്യാനാകും; വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ഫയര്‍സ്റ്റേഷനില്‍ വാഹനവും ഉപകരണങ്ങളും ലഭ്യമാക്കാന്‍ നടപടി</u>

4569 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ പുതുതായി ആരംഭിച്ച ഫയര്‍സ്റ്റേഷന്‍ ഏതെല്ലാം ;

(ബി) ഈ ഫയര്‍ സ്റ്റേഷനുകളില്‍, ഈ മേഖലയില്‍ ഉപയോഗിക്കുന്ന തരത്തില്‍പ്പെട്ട വാഹനവും ആവശ്യത്തിന് ഉപകരണങ്ങളും നല്‍കിയിട്ടില്ലായെന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ ആവശ്യത്തിന് പുതിയ വാഹനവും ഉപകരണങ്ങളും എന്ന് നല്‍കാന്‍ കഴിയും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>മഞ്ചേരി ഫയർ സ്റ്റേഷൻ</u>

4570 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ പ്രഖ്യാപിച്ച മഞ്ചേരിയിലെ ഫയർ സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് മുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കാലം കൊണ്ട് നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>വെസ്റ്റ് എളേരി പഞ്ചായത്തിൽ ഫയർ സ്റ്റേഷൻ</u>

4571

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മലയോര മേഖലയായ വെസ്റ്റ് എളേരി പഞ്ചായത്തിൽ ഒരു ഫയർസ്റ്റേഷൻ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിനാവശ്യമായ സ്ഥലവും താല്ക്കാലിക കെട്ടിടവും സൗജന്യമായി ലഭ്യമാക്കിയാൽ എപ്പോൾ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>എ. പി. പി. മാരെ സ്ഥിരപ്പെടുത്തൽ</u>

4572 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പ്രൊവിഷണൽ ആയി നിയമിച്ച എ.പി.പി മാരെ സ്ഥിരപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് മാനദണ്ഡമനുസരിച്ചാണ് ഇവരെ സ്ഥിരപ്പെടുത്തിയത് എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നടപടി ക്രമപ്രകാരമല്ലെങ്കിൽ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് സംബന്ധമായി കോടതിയിൽ ഏതെങ്കിലും കേസ് നിലവിലുണ്ടോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>തളിപ്പറമ്പിൽ എം. എ. സി. ടി. അനുവദിക്കുന്നതിന് നടപടി</u>

4573 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പിൽ എം. എ. സി. ടി. അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) തളിപ്പറമ്പിൽ എം. എ. സി. ടി. സ്ഥാപിക്കണമെന്ന് ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം അറിയിക്കാമോ;

(ഇ) തളിപ്പറമ്പിൽ എം. എ. സി. ടി. അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

ഒറ്റപ്പാലത്ത് കോർട്ട് കോംപ്ലക്സ്

4574 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് കോർട്ട് കോംപ്ലക്സ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അതിന് ഭരണാനുമതി നൽകിയോ; എങ്കിൽ എന്നാണ് നല്കിയത്;

(ബി) എത്ര രൂപയുടെ ഭരണാനുമതിയാണ് നല്കിയത്;

(സി) ഭരണാനുമതിയുടെ കാലാവധി പുതുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

ഉൾനാടൻ മത്സ്യ മേഖലയിലുണ്ടായിട്ടുള്ള പുരോഗതി

4575 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമുദ്രമത്സ്യ ഉത്പാദനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടും ഉൾനാടൻ മത്സ്യ ഉത്പാദനത്തിൽ പുരോഗതി കണ്ടു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2005-2010 വരെയുള്ള ഒരോ വർഷത്തിലും ഉൾനാടൻ മത്സ്യ മേഖലയിലുണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ ;

(സി) നടപ്പു വർഷം ഉൾനാടൻ മത്സ്യ ഉത്പാദനത്തിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികളുടെ വിവിധ കടങ്ങൾ എഴുതി തള്ളുന്നത് സംബന്ധിച്ച്

4576 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ വിവിധ കടങ്ങൾ എഴുതിതള്ളുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) മത്സ്യത്തൊഴിലാളികൾ ജീവനോപാധിയ്ക്കായി എടുത്തിട്ടുള്ള ലോൺ കുടിശ്ശികകൾവരെ ജപ്തി നടപടി ആകുന്നത് തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>മത്സ്യകേരളം പദ്ധതി</u>

4577 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന മത്സ്യകേരളം പദ്ധതിയുടെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഒന്നാം ഘട്ട പദ്ധതിയിൽ ഉൾനാടൻ മത്സ്യമേഖലയിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ വിശദാംശവും പദ്ധതി വിഹിതവും ചെലവും വെളിപ്പെടുത്തുമോ;

(ഡി) നടപ്പു വർഷം എത്ര തുകയാണ് ഇതിനായി നീക്കിവച്ചിരിക്കുന്നത്; ഏതെല്ലാം പ്രവർത്തനത്തിനാണ് മുൻതൂക്കം നൽകുന്നത്?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>മറൈൻ എൻഫോഴ്സ്മെന്റ്</u>

4578 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാലുവർഷത്തിനിടയിൽ കടലിൽ അപകടത്തിൽപ്പെടുന്ന എത്ര മത്സ്യത്തൊഴിലാളികളെയാണ് മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം രക്ഷിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ;

(ബി) മറൈൻ എൻഫോഴ്സ്മെന്റ് നിർത്തലാക്കുന്നതിലുള്ള മത്സ്യമേഖലയിലെ ആശങ്ക സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ വിഭാഗത്തെ തീരദേശ സ്റ്റേഷനുകളിൽ ലയിപ്പിക്കുക വഴി 1980 മുതൽ സംസ്ഥാത്തെ മത്സ്യ മേഖലയിലുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളിലും ശക്തമായി ഇടപെടാൻ കഴിയുന്ന ഒരു സംവിധാനമാണ് ഇല്ലാതാകുന്നതെന്ന് നിരീക്ഷിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്തിനാണ് ഈ സംവിധാനം നിർത്തലാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ

## 20.10.2011-ലെ മറുപടിക്ക്

<u>പാടശേഖരങ്ങളിൽ മത്സ്യകൃഷി വ്യാപിപ്പിക്കുവാൻ നടപടി</u>

4579 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' വർക്കല കഹാർ
'' എം. എ. വാഹിദ്
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാടശേഖരങ്ങളിൽ മത്സ്യകൃഷി വ്യാപിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(ബി) മത്സ്യകൃഷി വ്യാപിപ്പിക്കുമ്പോൾ എത്ര ടൺ ഉല്പാദനമാണ് ലക്ഷ്യമിടുന്നത് ;

(സി) ഇതിന് കേന്ദ്ര സഹായം ലഭ്യമാണോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>മത്സ്യകൃഷി പാട്ടവ്യവസ്ഥകൾ</u>

4580

ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങൾ മത്സ്യകൃഷിയ്ക്കായി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് കഴിഞ്ഞ സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) നിയമപരമായ പാട്ടവ്യവസ്ഥകൾ നിലവിലുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>തീരദേശ സുരക്ഷയ്ക്ക് നടപടി</u>

4581

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കടൽത്തീരത്ത് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടവരെ അപകടത്തിൽ നിന്ന് സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പുതുതായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) തീരദേശ സുരക്ഷയ്ക്ക് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>ഉൾനാടൻ മത്സ്യങ്ങളുടെ ഉൽപാദനം</u>

4582 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2007 മുതൽ 2010 വരെ ഉൾനാടൻ മത്സ്യങ്ങളുടെ ഉൽപാദനം എത്ര ടണ്ണായിരുന്നു എന്ന് വർഷം തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) പശ്ചിമഘട്ട പ്രദേശങ്ങളിലെ ശുദ്ധജലജീവികൾ വംശനാശത്തിന്റെ വക്കിലാണെന്ന് രേഖപ്പെടുത്തുന്ന എതെങ്കിലും റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ ജീവികളുടെ വംശനാശത്തിന് കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇവ മറികടക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>വീടുകളിൽ മത്സ്യം വളർത്തുന്നതിലേയ്ക്ക് പ്രത്യേക പദ്ധതി</u>

4583 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടുകളില മത്സ്യം വളർത്തുന്നതിലേയ്ക്ക് പ്രത്യേക പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അലങ്കാര മത്സ്യങ്ങൾക്കും, ഇതര മത്സ്യങ്ങൾക്കും പ്രത്യേകം പ്രത്യേകമായാണോ പദ്ധതികൾ നടപ്പിലാക്കുന്നത്;

(സി) പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് വെള്ളം ശേഖരിച്ച് നിർത്തുന്നതിലേയ്ക്ക് ടാങ്ക് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ വീട്ടമ്മമാർക്കും, കുടുംബശ്രീ യൂണിറ്റുകൾക്കും മുൻഗനണ നൽകുവാൻ സർക്കാർ സന്നദ്ധമാകുമോ;

(ഇ) പ്രസ്തുത പദ്ധതികൾ ഏത് ഏജൻസി മുഖാന്തിരമാണ് നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി</u>

4584 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണം ഉൾപ്പെടെ ഉള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി ഉണ്ടാകുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നല്കിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഉയർത്തുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ ആവാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>തീരദേശറോഡുകളുടെ ശോചനീയാവസ്ഥ</u>

4585 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

തീരദേശ മത്സ്യത്തൊഴിലാളികൾ താമസിക്കുന്നതും, തകർന്ന് ഗതാഗതം നിരോധിച്ചിരിക്കുന്ന തീരപ്രദേശത്തെ റോഡുകൾ പുനരുദ്ധരിക്കുന്ന ഏതെങ്കിലും പദ്ധതികൾക്ക് നെയ്യാറ്റിൻകര മണ്ഡലത്തിൽ ഭരണാനുമതി ഈ സർക്കാർ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി</u>

4586 ശ്രീ. എസ്. ശർമ്മ
,, എ.എം. ആരിഫ്
,, ജി. സുധാകരൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇതിനകം എത്ര മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകി എന്നു വ്യക്തമാക്കാമോ;

(ബി) തന്നാണ്ടിൽ കടാശ്വാസ വിഹിതമായി വകയിരുത്തപ്പെട്ട തുക എത്രയെന്നു വ്യക്തമാക്കുമോ ;

(സി) മത്സ്യത്തൊഴിലാളികൾക്കുളളതായി കണക്കാക്കപ്പെട്ട മൊത്തം കടബാദ്ധ്യത എത്ര കോടിയുടേതാണെന്ന് വ്യക്താമാക്കാമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളായ സ്ത്രീകൾക്ക്<br>കമ്പ്യൂട്ടർ ട്രെയിനിംഗ്</u>

4587 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്<br>**മുഖ്യമന്ത്രി**<br>സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളായ സ്ത്രീകൾക്ക് ഫോസ്സ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നടപ്പാക്കുന്ന കമ്പ്യൂട്ടർ ട്രെയിനിംഗ് എവിടെവെച്ച്, എത്രപേർക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നൽകി എന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഇത്തരം ട്രെയിനിംഗ് ഏത് കേന്ദ്രത്തിൽ വച്ചാണ് നടക്കുന്നത്?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ</u>

4588 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യത്തൊഴിലാളികൾക്കായി പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

മത്സ്യതൊഴിലാളികളുടെ വിവിധ കടങ്ങൾ
എഴുതിത്തള്ളുന്നത് സംബന്ധിച്ച്

4589 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മത്സ്യതൊഴിലാളികളുടെ വിവിധ കടങ്ങൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം

4590 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങൾ കടലാക്രമണത്തിലോ മറ്റു പ്രകൃതിക്ഷോഭം മൂലമോ തകർന്നാൽ അവർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) അർഹമായ നഷ്ടപരിഹാരം ഇവർക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>ടെറിട്ടോറിയൽ മത്സ്യബന്ധനം</u>

4591

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ടെറിട്ടോറിയൽ വാട്ടറിൽ മത്സ്യബന്ധനം നടത്തുന്ന എത്ര മത്സ്യത്തൊഴിലാളികളുണ്ടെന്നും അവർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകിയിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ;

(ബി) കേരളത്തിന്റെ ടെറിട്ടോറിയൽ വാട്ടറിൽ മത്സ്യബന്ധനം നടത്തുന്നതിന് അന്യരാജ്യക്കാരായ മത്സ്യത്തൊഴിലാളികൾ വ്യാപകമായി എത്തിക്കൊണ്ടിരിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനകം അന്യരാജ്യക്കാരായ എത്ര മത്സ്യത്തൊഴിലാളികൾ ഈ മേഖലയിൽ തൊഴിലെടുക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

ഫിഷറീസ് വകുപ്പിനുകീഴിലുള്ള റോഡുകളുടെ അവസ്ഥ സംബന്ധിച്ച് നടപടി

4592 ശ്രീ.കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തലശ്ശേരി അസംബ്ലിമണ്ഡലത്തില്‍ നിലവില്‍ ഫിഷറീസ് വകുപ്പിനുകീഴില്‍ ഏതൊക്കെ റോഡുകളാണുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ റോഡുകളുടെയും നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(സി) ഫിഷറീസ് വകുപ്പിനുകീഴില്‍ പുതുതായി നിര്‍മ്മിക്കുന്ന ഏതെങ്കിലും റോഡുകളുടെ പ്രൊപ്പോസലുകള്‍ നിലവിലുണ്ടോ ;

(ഡി) എങ്കില്‍ അവ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

ഫിഷറീസ് വകുപ്പിലെ വികസന പ്രവർത്തനങ്ങൾ

4593 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി 2011-12 വർഷത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ ഏതെല്ലാം ;

(ബി) ഏതെല്ലാം ഫിഷറീസ് റോഡുകളുടെ നിർമ്മാണമാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നത് ;

(സി) ഫിഷറീസ് വകുപ്പിന്റെ ഫണ്ടിൽ നിന്ന് നിലവിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാം ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

## അക്വാകൾച്ചർ ബിരുദം മത്സ്യവകുപ്പിലെ സാങ്കേതിക ജോലിക്കുള്ള അടിസ്ഥാന യോഗ്യതയാക്കാൻ നടപടി

4594 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ബി.എസ്.സി. അക്വാകൾച്ചർ ബിരുദം സംസ്ഥാന മത്സ്യ വകുപ്പിലെ സാങ്കേതിക ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യതയായി മത്സ്യവകുപ്പ് ഇതുവരെ അംഗീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അക്കാദമിക് സിലബസിൽ മത്സ്യത്തെ കുറിച്ച് ഒന്നുമില്ലാത്ത ബി.എസ്.സി. കെമിസ്ട്രിയും, ബി.എസ്.സി. ഫിസിക്സും, മത്സ്യത്തെക്കുറിച്ച് വളരെ കുറച്ച് മാത്രം സിലബസിലുള്ള ബി.എസ്.സി. സുവോളജിയും, ബി.എസ്.സി. ബോട്ടണിയും മത്സ്യ വകുപ്പിലെ സാങ്കേതിക ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന യോഗ്യതയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബി.എസ്.സി. അക്വാകൾച്ചർ ബിരുദധാരികളെ മത്സ്യവകുപ്പിലെ സാങ്കേതിക ജോലിക്ക് പരിഗണിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) മത്സ്യത്തെക്കുറിച്ച് പൂർണ്ണമായി പഠനം നടത്തുന്ന ബി.എസ്.സി. അക്വാകൾച്ചർ ബിരുദത്തെ കൂടി മത്സ്യവകുപ്പിലെ സാങ്കേതിക ജോലിക്ക് അപേക്ഷ നല്കുന്നതിനുള്ള അടിസ്ഥന യോഗ്യതയായി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>മത്സ്യഫെഡിലെ കരാർ നിയമനങ്ങൾ</u>

4595 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിലെ കരാർ നിയമനം ഉൾപ്പെടെ എത്ര ജീവനക്കാരുടെ നിയമനമാണ് മുൻ സർക്കാരിന്റെ കാലത്ത് നടന്നത്;

(ബി) ഇതിൽ ഏതെങ്കിലും നിയമനങ്ങളിൽ നിലവിലുളള നിയമങ്ങൾ പ്രകാരമുളള മാനദണ്ഡങ്ങൾ പാലിക്കാതെയുണ്ടോ;

(സി) മത്സ്യഫെഡ് വഴി മുൻ സർക്കാരിന്റെ കാലത്ത് സാധനങ്ങൾ വാങ്ങിയതിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ക്രമക്കേട് നടന്നിട്ടുണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരായി എന്ത് നടപടിയാണ് എടുത്തിട്ടുളളത് എന്നു വെളിപ്പെടുത്താമോ;

(ഇ) മത്സ്യഫെഡ് ഭരണസമിതി തെരഞ്ഞെടുപ്പു സമയത്ത് ഏതെങ്കിലും അംഗങ്ങൾ പ്രതിനിധാനം ചെയ്തിരുന്ന സംഘങ്ങൾക്ക് കുടിശ്ശിക ഉണ്ടായിരുന്നതായി പിന്നീട് മനസ്സിലായിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>തീരദേശ ജാഗ്രതാ സമിതികൾ</u>

4596 ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. അജിത്
,, ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ ജാഗ്രതാ സമിതികൾ രൂപീകൃതമായിട്ട് എത്ര കാലമായി, മൊത്തം എത്ര സമിതികൾ രൂപീകരിച്ചു, ഇതിൽ ഇപ്പോൾ എത്ര സമിതികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത സമിതികളുടെ പ്രവർത്തന ഉദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി പ്രസ്തുത സമിതികളെ സജീവമായി പ്രവർത്തിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ, എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>തൃശ്ശൂർ മുനക്കകടവ് ഫിഷ്ലാന്റിംഗ് സെന്റർ വികസനം</u>

4597 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മുനക്കകടവ് ഫിഷ് ലാന്റിംഗ് സെന്ററിലെ വാർഫ് വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സെന്റർ വികസനത്തിനായി സമീപത്തുള്ള ഭൂമി നൽകിക്കൊണ്ടുള്ള രേഖ ലഭിച്ചുവോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സെന്റർ വികസനവുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ചു ചേർക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

## <u>അഴിമുഖത്ത് മണൽതിട്ടയിൽ തട്ടിയുണ്ടായ അപകടത്തിനെതിരെ നടപടി</u>

4598 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുനമ്പം ഹാർബറിനോടടുത്ത അഴിമുഖത്ത് മണൽതിട്ടയിൽ തട്ടിയുണ്ടായ അപകടത്തിൽ ഇതുവരെ എത്രപേർ കൊല്ലപ്പെട്ടുവെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ആറുമാസക്കാലയളവിൽ എത്ര അപകടം, മരണം എന്നിവയുണ്ടായെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കണ്ണൂര്‍ ജില്ലയിലെ പുതിയങ്ങാടി ഫിഷിങ്ങ് ഹാര്‍ബര്‍ തുടങ്ങാന്‍ നടപടി</u>

4599

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയിലെ പുതിയങ്ങാടി ഫിഷിങ്ങ് ഹാര്‍ബര്‍ തുടങ്ങാന്‍ ആവശ്യമായ സാധ്യതാപഠനത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോര്‍ട്ട് തയ്യാറാക്കുന്നതിന് ആരെയാണ് ഏല്‍പ്പിച്ചിരിക്കുന്നത്;

(ബി) പ്രസ്തുത ഹാര്‍ബര്‍ നിര്‍മ്മാണം എന്ന് ആരംഭിക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

**കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ പ്രവർത്തനം**

4600 ശ്രീ.കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയുടേയും സ്വകാര്യമേഖലയുടേയും എത്ര യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികളും നിർമ്മാണവുമാണ് കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ഏറ്റെടുത്തിട്ടുളളതെന്ന് അറിയിക്കുമോ;

(ബി) ചെറുകപ്പലുകളുടെ അറ്റകുറ്റപ്പണികളും നിർമ്മാണവും നടത്താൻ കഴിയുന്ന തരത്തിൽ, കൊച്ചിയിലെ ഒരു ഷിപ്പ് വേയാക്കി കോർപ്പറേഷനെ മാറ്റിത്തീർക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ</u>

4601 ശ്രീ.എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലപാതയിലൂടെ ചരക്ക് ഗതാഗതം അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് അറിയിക്കുമോ ;

(ബി) കോർപ്പറേഷൻ നാവികയാനങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും നടപ്പാക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) സംസ്ഥാന ടൂറിസം ഡിപ്പാർട്ട്മെന്റിൽ നിന്നും എത്ര ബോട്ടുകളുടെ നിർമ്മാണത്തിനാണ് അനുമതി ലഭിച്ചത് ; അനുമതി എന്നാണ് ലഭിച്ചത് ;

(ഡി) അവ നിർമ്മിച്ചുകൊടുക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.10.2011-ലെ മറുപടിക്ക്

<u>ജലാശയങ്ങളിൽ ബോട്ടിംഗിനുള്ള ലൈസൻസ്</u>

T 4602 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിൽ ബോട്ടുകളും മറ്റും ഓടിക്കുന്നതിനുള്ള പരിശീലനവും ലൈസൻസും നൽകുന്നതിനുള്ള അധികാരം നിലവിൽ ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് കോർപ്പറേഷൻ ഇത്തരം പരിശീലനങ്ങൾ നടത്താറുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) കൂടുതൽ പേർക്ക് പരിശീലനം നൽകുന്നതിനും നാവിക പരിശീലനവുമായി ബന്ധപ്പെട്ട പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

<u>കേരള ഷിപ്പിങ്ങ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ</u>
<u>കോർപ്പറേഷൻ</u>

4603 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഷിപ്പിങ്ങ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന്റെ എത്ര ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) അതിൽ എത്ര എണ്ണം റദ്ദു ചെയ്തിട്ടുണ്ട്; എന്തുകൊണ്ടാണ് റദ്ദു ചെയ്തത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 20.10.2011-ലെ മറുപടിക്ക്

ബോട്ടുചാലുകൾ ആഴം
കൂട്ടുന്നതിനായി സ്വീകരിച്ച നടപടി

4604 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുനാമി ഫണ്ടിൽപ്പെടുത്തി പാണാവള്ളി, പെരുമ്പളം ബോട്ടുചാലുകൾ ആഴംകൂട്ടുന്നതിനായി എത്ര രൂപയാണ് ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ മുഖേന വകയിരുത്തിയിരിക്കുന്നത്;

(ബി) ശ്രീനാരായണ കൺസ്ട്രക്ഷൻസ് എന്ന കമ്പനിയാണോ കരാർ എടുത്തിരുന്നത്;

(സി) ഡ്രഡ്ജ് ചെയ്ത് എടുത്ത മണ്ണ് എടുത്ത് കൊണ്ട് പോകുന്നു എന്ന പരാതി കാരണം ഈ പ്രവൃത്തി ആലപ്പുഴ ജില്ലാ കളക്ടർ സ്റ്റേ ചെയ്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത നിർമ്മാണ പ്രവർത്തികൾ പുനരാരംഭിക്കുന്നതിന് എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്;

(ഇ) പെരുമ്പളം, പാണാവള്ളി, തവണക്കടവ് തുടങ്ങിയ ബോട്ട് ചാലുകൾ ആഴം കൂട്ടാത്തതിന്റെ ഫലമായി ബോട്ടുകൾക്ക് കേടുപാടുകൾ സംഭിവക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?